മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ...... ഓർഡർ..... (ചോദ്യം നമ്പർ *331)

## വൈദ്യുതി ബോർഡ് സേവനങ്ങളുടെ ഡിജിറ്റൈസേഷൻ

1 (*331) ശ്രീ. കെ. ആൻസലൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീമതി ദെലീമ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം യാഥാർത്ഥ്യമാക്കിയതിന്റെ തുടർനടപടിയായി വൈദ്യുതി ബോർഡ് നൽകുന്ന സേവനങ്ങൾ വിവര സാങ്കേതികവിദ്യാധിഷ്ഠിതമായി ആധുനീകരിച്ച് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) കെ.എസ്.ഇ.ബി. സേവനങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യാനും ഇ-പേയ്മെന്റ് സൗകര്യം വിപുലീകരിക്കാനും പദ്ധതിയുണ്ടോ;

(സി) സേവനങ്ങൾ വാതിൽപടിയിൽ എത്തിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമായിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം സേവനങ്ങളാണ് ഇത്തരത്തിൽ നൽകാൻ ഉദ്ദേശിച്ചിരുന്നതെന്നും

അവ ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാനായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, KSEBL നൽകുന്ന സേവനങ്ങൾ വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായി ആധുനീകരിച്ച് കാര്യക്ഷമമമായി ഏർപ്പെടുത്തിയിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

സേവനങ്ങൾ കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് 1912 എന്ന ടോൾ ഫ്രീ നമ്പറിലേയ്ക്ക് വിളിച്ചാൽ വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനവും വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും, വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061/9496010101 എന്നീ ഹോട്ട് ലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

HT, EHT കണക്ഷൻ നടപടികൾ ത്വരിതപ്പെടുത്തുവാനായി ഗ്രീൻ ചാനൽ സംവിധാനവും അതിനുവേണ്ടി അപേക്ഷിക്കാനായി വെബ് പോർട്ടലും ഏർപ്പെടുത്തിയിട്ടുണ്ട്.

പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്റ്റഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും പണമടയ്ക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി തടസ്സവും പുനഃസ്ഥാപനവും സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന അറിയിക്കുന്ന 'ഊർജ്ജദൂത്' പദ്ധതി, വൈദ്യുതിബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിലെത്തിക്കുന്ന 'ഊർജ്ജസൗഹൃദ' പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

ഏതു സെക്ഷൻ ഓഫീസുകളിലും വൈദ്യുത ബിൽ അടയ്ക്കുന്ന സൗകര്യത്തിനുപുറമെ വൈദ്യുതിബിൽ ഓൺലൈനായി അടയ്ക്കുവാൻ നെറ്റ്

ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഭാരത് ബിൽ പേയ്മെന്റ് (BBPS), സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ പോർട്ടൽ (SSDG), കേരള മൊബൈൽ ആപ്പ്, പേ-ടി.എം, ഫോൺ-പേ, ഗൂഗിൾ പേ, മൊബിക്വിക്, പേ-യു, ആമസോൺ-പേ തുടങ്ങിയ വിവിധ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ സേവനങ്ങൾ കൂടുതൽ സുതാര്യവും, സുഗമമായും നൽകുന്നതിനുവേണ്ടി ' സേവനങ്ങൾ വാതിൽപടിയിൽ' (Service at Door Step) എന്ന പദ്ധതി ഒക്ടോബർ 2020 മുതൽ നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും ഉടമസ്ഥാവകാശമാറ്റം, കണക്ടഡ് ലോഡ്/കോൺട്രാക്ട് ലോഡ് മാറ്റം, താരിഫ്/ഫേസ് മാറ്റം, മീറ്റർ/പോസ്റ്റ് മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിനും സേവനമാവശ്യമുള്ള വ്യക്തികളുടെ പേരും, ഫോൺനമ്പരും 1912 എന്ന ടോൾ ഫ്രീ നമ്പർ സംവിധാനം മുഖേനയും, ബന്ധപ്പെട്ട സെക്ഷൻ ഓഫീസ് വഴിയും, ഓൺലൈൻ മുഖേനയും രജിസ്റ്റർ ചെയ്യാവുന്നതാണ്. തുടർന്ന് കെ.എസ്.ഇ.ബി. ജീവനക്കാർ അപേക്ഷകനെ

ബന്ധപ്പെട്ട്/ഉപഭോക്താവിന്റെ വീട് സന്ദർശിച്ച്, മൊബൈൽ ആപ്പ് വഴി അപേക്ഷ സ്വീകരിച്ച്, ആവശ്യമായ രേഖകൾ പരിശോധിച്ച്, അവ അപ്‌ലോഡ് ചെയ്യുകയും ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും തുക അടയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും തുടർന്ന് സേവനം ഉറപ്പാക്കുന്നതുവരെയുള്ള നടപടികൾ പൂർത്തിയാക്കുന്നു.

വിതരണ മേഖലയിലെ എച്ച്.റ്റി. ലൈനുകളിൽ കമ്പി പൊട്ടിവീഴുന്നതുമൂലമോ ഇൻസുലേറ്റർ തകരാറിലാവുന്നതുകൊണ്ടോ വൈദ്യുതി തടസ്സം ഉണ്ടാവുകയാണെങ്കിൽ തകരാറുണ്ടായ സ്ഥലം ഉടനടി അറിയുന്നതിനായി കമ്മ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസ് ഡിറ്റക്ടർ (CFPD) എന്ന ഉപകരണം KSEBL ജീവനക്കാർ സ്വന്തമായി വികസിപ്പിച്ച് നിർമ്മിച്ച് സ്ഥാപിച്ചു വരുന്നു. ഇതൊരു GSM നെറ്റ്‌വർക്ക് അധിഷ്ഠിത സാങ്കേതിക വിദ്യയാണ്. 11 കെ.വി., 33 കെ.വി. വൈദ്യുതി വിതരണ ലൈനുകളിൽ ഉണ്ടാകുന്ന തകരാറുകൾ സംബന്ധിച്ച വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് SMS-ലൂടെ ലഭിക്കുകയും തകരാറുണ്ടായ സ്ഥലം GIS മാപ്പുവഴി അറിഞ്ഞ് പ്രശ്നപരിഹാരം വേഗത്തിൽ ആക്കാൻ സഹായിക്കുന്ന

നൂതന സംവിധാനമാണിത്. ഇതുവരെ 8006 എണ്ണം Communicable Fault Pass Detectors സ്ഥാപിച്ചിട്ടുണ്ട്.

വിവരസാങ്കേതിക വിദ്യയിലൂടെ നടപ്പാക്കിയ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നവീകരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്.

എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സംവിധാനമുള്ള സ്മാർട്ട് മീറ്റർ ഘട്ടംഘട്ടമായി ഏർപ്പെടുത്താനും KSEBL ലക്ഷ്യമിടുന്നു.

(ബി) പദ്ധതിയുണ്ട്. സംസ്ഥാന സർക്കാരിന്റെ നിർദ്ദേശാനുസരണം ഡിജിറ്റൽ പേയ്മെന്റുകളുടെ എണ്ണം കൂട്ടുന്നതിനും 2022 ഡിസംബറിനുള്ളിൽ പണമടവ് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലുമാക്കി മാറ്റുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ ഘട്ടം ഘട്ടമായി സേവനങ്ങൾക്കുള്ള എല്ലാ അപേക്ഷകളും റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി ഓൺലൈനാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

(സി) പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും, ഉടമസ്ഥാവകാശമാറ്റം, കണക്റ്റഡ് ലോഡ്/ കോൺട്രാക്ട് ലോഡ് മാറ്റം, താരിഫ് /ഫേസ് മാറ്റം, മീറ്റർ/പോസ്റ്റ് മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ, 'സേവനങ്ങൾ വാതിൽപ്പടിയിൽ പദ്ധതി' വഴി എല്ലാ സെക്ഷനുകളിൽ നിന്നും ആഗസ്റ്റ് മാസത്തോടെ പൂർണ്ണതോതിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ ഓഫീസിൽ എത്താതെ തന്നെ, സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പറും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലോ 1912 എന്ന കസ്റ്റമർ കെയർ നമ്പറിലോ ഫോൺ കോൾ വഴി രജിസ്റ്റർ ചെയ്താൽ മതിയാകും. തുടർന്ന് കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ അപേക്ഷകനെ ബന്ധപ്പെട്ട് അപേക്ഷ തയ്യാറാക്കാൻ സഹായിക്കുന്നത് മുതൽ സേവനം ഉറപ്പാക്കുന്നതുവരെയുള്ള നടപടികൾ പൂർത്തിയാക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സഭയുടെ സുഗമമായ നടത്തിപ്പിന് ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ പ്ലക്കാർഡുകളെല്ലാം മാറ്റി സഹകരിക്കണം. ഇത് ഓർഡറിലല്ല.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, കേരളത്തിൽ കാൽനൂറ്റാണ്ടിന് മുമ്പ് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് വൈദ്യുതി രംഗത്ത് പവർകട്ടും ലോഡ് ഷെഡിംഗുംമൂലം വൈകുന്നേര സമയങ്ങളിൽ വ്യാപാര സ്ഥാപനങ്ങളിൽ ഒരു ലൈറ്റുപോലും പ്രകാശിപ്പിക്കാനനുവദിക്കാത്ത ദുരന്ത കാലഘട്ടമുണ്ടായിരുന്നു. ആ ദുരന്തകാലഘട്ടത്തിൽനിന്നാണ് സഖാവ് പിണറായി വിജയൻ 1996-ൽ വൈദ്യുതി വകുപ്പുമന്ത്രിയായിരിക്കുമ്പോൾ വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് കൊണ്ടുവരുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമായി കേരളം മാറുന്നത്. പ്രത്യേകിച്ച് ഇടതുപക്ഷ ഗവൺമെന്റിന് അഭിവാദ്യം രേഖപ്പെടുത്തുകയാണ്. എന്റെ ചോദ്യം, പ്രീപെയ്ഡ് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതുകൊണ്ട് ഉപഭോക്താക്കൾക്കുണ്ടാകുന്ന പ്രയോജനവും കെ.എസ്.ഇ.ബി.-യുടെ ഏതെല്ലാം മേഖലകളിൽ ഡിജിറ്റൈസേഷൻ നടപ്പാക്കുന്നുണ്ടെന്നും ഓൺലൈനായി വൈദ്യുതി ചാർജ് അടയ്ക്കുന്നതിന് അധിക ചാർജ്ജ് ഈടാക്കുന്നുണ്ടോയെന്നുള്ളതും വിശദമാക്കാമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, പ്രീ-പെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടുകൂടി ഉപഭോക്താക്കൾക്ക് തങ്ങളുടെ വൈദ്യുതി ഉപയോഗം ക്രമീകരിക്കുന്നതിന് സാധിക്കുന്നതാണ്. വൈദ്യുതി തടസ്സങ്ങൾ

തത്സമയം അറിയുവാനും വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും കഴിയും. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി വിവിധയിനം ചെലവുകൾ കുറയ്ക്കുന്നതിനും കിട്ടാക്കടം ഒഴിവാക്കുന്നതിനും സാധിക്കും. ആയതിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് താരിഫ് ഇനത്തിൽ ലഭ്യമാക്കാൻ സാധിക്കും.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, കെ.എസ്.ഇ.ബി.-യിൽ ERP (Enterprise Resource Planning) നടപ്പിലാക്കുന്നുണ്ടോ; കെ.എസ്.ഇ.ബി.-യിൽ എത്ര ശതമാനം ഉപഭോക്താക്കൾ ഓൺലൈനായി കറണ്ട് ചാർജ്ജ് അടയ്ക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, ഞാൻ നേരത്തെ പറഞ്ഞ മറുപടിയിൽ അക്കാര്യം സൂചിപ്പിച്ചിട്ടുണ്ടായിരുന്നു.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുമ്പോൾ അധിക ചാർജ്ജ് ഈടാക്കുന്ന നിലപാട് സ്വീകരിക്കുന്നുണ്ടോയെന്നുള്ളത് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, ഇല്ല, അധികചാർജ്ജ് ഈടാക്കാൻ ഉദ്ദേശിക്കുന്നില്ല. എസ്.ബി.ഐ., സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക് എന്നീ ബാങ്കുകളിൽ അക്കൗണ്ടുള്ളവർക്ക് സ്വന്തം അക്കൗണ്ടിൽനിന്ന് നേരിട്ടുതന്നെ കെ.എസ്.ഇ.ബി.യിലേയ്ക്കും ഉപഭോക്തൃ സേവന പോർട്ടൽ വഴിയും ഭാരത് ബിൽ പേയ്മെന്റ് സിസ്റ്റം സംവിധാനങ്ങൾ വഴിയും ഉപഭോക്താക്കൾക്ക് ട്രാൻസാക്ഷൻ ചാർജ്ജില്ലാതെ വൈദ്യുതി ചാർജ്ജ് അടയ്ക്കാം. വൈദ്യുതി ചാർജ്ജ് സഹകരണ സ്ഥാപനങ്ങളിൽക്കൂടി അടയ്ക്കുന്നതിനുള്ള സംവിധാനമൊരുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനുപുറമെയുള്ള സംവിധാനത്തിൽ പണമടയ്ക്കുവാൻ അതത് സ്ഥാപനങ്ങൾ ട്രാൻസാക്ഷൻ ചാർജ്ജ് ഈടാക്കുന്നുണ്ട്.

<u>ശ്രീമതി ദെലീമ</u>: സർ, കെ.എസ്.ഇ.ബി. വൈദ്യുതി ലൈനുകളിൽ പ്രൊട്ടക്ഷൻ കേബിൾ എന്നുള്ളൊരു സിസ്റ്റമുണ്ട്. അത് എത്രമാത്രം നടപ്പിലാക്കുന്നുണ്ട്; എവിടെയെല്ലാം സ്ഥാപിക്കാനാണുദ്ദേശിക്കുന്നത്?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഏറ്റവും തടസ്സമുള്ള സ്ഥലത്താണ് കവേർഡ് കണ്ടക്ടറും മറ്റും സ്ഥാപിക്കാനുദ്ദേശിക്കുന്നത്. അത് സാമ്പത്തിക സ്ഥിതിക്കനുസരിച്ച് നടത്തും.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ഇന്ത്യയിലെ ഏക സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമാണല്ലോ കേരളം. എന്നാൽ സൗരോർജ്ജമുപയോഗപ്പെടുത്തി എത്ര മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്ത് ഉത്പ്പാദിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? ആ രംഗത്ത് നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദീകരിക്കാമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഏകദേശം 300 മെഗാവാട്ട് ആയിട്ടുണ്ടെന്നാണ് തോന്നുന്നത്. പ്രത്യേക ചോദ്യം ചോദിച്ചാലെ പ്രത്യേകമായി ഉത്തരം പറയാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, ആതിരപ്പിള്ളി, ഷോളയാർ എന്നീ വൈദ്യുത പദ്ധതികളിൽനിന്ന് നിരവധി മെഗാവാട്ട് വൈദ്യുതിയാണ് വൈദ്യുതി വകുപ്പുണ്ടാക്കുന്നത്. എന്നാൽ മലക്കപ്പാറ - ആതിരപ്പിള്ളി ഉൾപ്പെടെയുള്ള പ്രദേശത്ത് വോൾട്ടേജ് ക്ഷാമം അതിരൂക്ഷമാണ്. ആ

പ്രദേശത്ത് സബ്സ്റ്റേഷനാരംഭിച്ച് അവിടത്തെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ആതിരപ്പിള്ളി വിവാദത്തിലേയ്ക്ക് നമ്മൾ കടക്കേണ്ട ആവശ്യമില്ല. എന്തായാലും സബ്സ്റ്റേഷന്റെ കാര്യം ആലോചിച്ച് അവിടെ സ്ഥലം കിട്ടുന്ന മുറയ്ക്കുതന്നെ അടിയന്തരമായി അവിടെ ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എൻ. കെ. അക്ബർ: സർ, ഉപഭോക്താക്കളുടെ ബാഹുല്യവും പ്രവർത്തനവർദ്ധനവുംമൂലം പ്രയാസങ്ങൾ നേരിടുന്നതിനാൽ ചാവക്കാട് കെ.എസ്.ഇ.ബി. മേജർ സെക്ഷനുകൾ ഉൾപ്പെടെയുള്ള സെക്ഷനുകൾ വിഭജിക്കാനുള്ള ആലോചന സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ വിഷയം ആലോചിച്ച് അതിന്റെ സാമ്പത്തികബാദ്ധ്യതയെല്ലാം പരിശോധിച്ചശേഷമേ ചെയ്യാൻ സാധിക്കു. പുതിയ സ്മാർട്ട്മീറ്ററൊക്കെ വരുമ്പോൾ അധിക ഓഫീസുകളുടെ ആവശ്യം വരുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വൈദ്യുതി ബോർഡിലെ ട്രേഡ് യൂണിയനിസം ഈ കഴിഞ്ഞ കാലങ്ങളിൽ നമ്മൾ കണ്ടതാണ്. ഏറ്റവും

അവസാനം നിലവിലുള്ള ചെയർമാനെ തെറിപ്പിച്ചുവെന്ന് മാധ്യമങ്ങളിലൂടെ കാണാനിടയായി. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ജനങ്ങൾക്ക് അനുഭവപ്പെട്ട വിഷമത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; ഇനിയെങ്കിലും വൈദ്യുതി ബോർഡിൽ കാര്യങ്ങൾ നേരായ രീതിയിൽ കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കുമോ; വൈദ്യുതി ബോർഡിന്റെ ഭരണം യഥാർത്ഥത്തിൽ അതിന്റെ ഭരണാധികാരികളുടെ കയ്യിലേയ്ക്ക് പോകണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് ചോദ്യം ചോദിക്കൂ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: അത് യൂണിയനുകൾക്ക് കൈമാറ്റം ചെയ്യുന്ന അവസ്ഥ മാറ്റണം.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇപ്പോൾ അങ്ങനെയൊരു സംഭവമില്ല. വൈദ്യുതിബോർഡിന്റെ മാനേജ്മെന്റുതന്നെയാണ് അത് കൈകാര്യം ചെയ്യുന്നത്. വേറെ യാതൊരു പ്രശ്നവുമുണ്ടായിട്ടില്ല, യൂണിന്റെ ഒരു അതിപ്രസരണവും അവിടെ ഉണ്ടായിട്ടില്ല.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, സോളാർ പ്രോജക്ടുമായി ബന്ധപ്പെട്ട് എന്റെ മണ്ഡലത്തിലെ പടിഞ്ഞാറെക്കല്ലടയിൽ കെ.എസ്.ഇ.ബി.

പറഞ്ഞതനുസരിച്ചുള്ള ലാൻഡ് ഏറ്റെടുക്കുകയുണ്ടായി. ഏതാണ്ട് അഞ്ച് വർഷം മുമ്പ് തുടങ്ങിയൊരു പദ്ധതിയാണിത്. അങ്ങയുടെ സാന്നിദ്ധ്യത്തിൽ രണ്ടുമാസത്തിനുമുമ്പ് ഒരു യോഗം വിളിച്ചുചേർത്തിരുന്നു. പഴയ ചെയർമാനും ഈ മീറ്റിംങ്ങിലുണ്ടായിരുന്നു. എന്നാൽ ഇതേവരെ ആ പദ്ധതി തുടങ്ങാൻ സാധിച്ചിട്ടില്ല, എത്രയും വേഗം ആ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, എത്രയും വേഗം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, സമ്പൂർണ്ണ വൈദ്യുതീകരണത്തെക്കുറിച്ചാണ് നമ്മൾ പറയുന്നത്. വൈദ്യുതി ഇന്നോളം എത്തിയിട്ടില്ലാത്ത ആദിവാസി ഊരുകൾ ഇപ്പോഴും നമ്മുടെ സംസ്ഥാനത്തുണ്ട്. അതിനുള്ള പ്രധാന തടസ്സം, ഫോറസ്റ്റിലൂടെ ലൈൻ വലിച്ച് കറണ്ട് കൊണ്ടുപോകാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് അനുവദിക്കാതെ തടസ്സം നിൽക്കുന്നു. എന്നാൽ കേബിൾ വലിച്ച് ഫോറസ്റ്റിലൂടെ കറണ്ട് കൊണ്ടുപോകുന്നതിന് തടസ്സമില്ലെന്ന് അവർ പറയുകയും ചെയ്യുന്നു. എന്റെ മണ്ഡലത്തിലുൾപ്പെടെ നിരവധി ആദിവാസി

കോളനികളിൽ ഈ കാരണംകൊണ്ട് കറണ്ട് എത്തിയിട്ടില്ല. കേബിൾ വലിക്കുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് തടസ്സവുമില്ല. കേബിൾ വലിച്ച് അണ്ടർ ഗ്രൗണ്ടിലൂടെ വൈദ്യുതി കൊണ്ടുപോകുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ? ഇത്തരം കേന്ദ്രങ്ങളിൽ കറണ്ട് ലഭ്യമാക്കുകയെന്നത് വളരെ പ്രധാനമാണ്. ഈ കാലഘട്ടത്തിൽപ്പോലും അവർക്ക് കറണ്ട് എത്തിച്ചുകൊടുക്കാൻ സാധിച്ചില്ലെങ്കിൽ വളരെ പ്രയാസമാണ്. സോളാർ പാനൽ ചില സ്ഥലത്തെല്ലാമുണ്ടെങ്കിലും അത് വേണ്ടവിധം പ്രവർത്തിക്കുന്നില്ല. അതിന് നടപടി സ്വീകരിക്കുമോയെന്നതാണ് എന്റെ ചോദ്യം?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗ വകുപ്പുമന്ത്രിയും, വനം വകുപ്പുമന്ത്രിയും ഇതുമായി ബന്ധപ്പെട്ട് യോഗം നടത്തുകയും എത്രയും വേഗം കറണ്ട് കൊടുക്കുന്നതിനുള്ള സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്. കേബിളിന് ചെലവ് കൂടുന്നതുകൊണ്ട് എം.എൽ.എ. ഫണ്ടുംകൂടി അതിനുവേണ്ടി ഉപയോഗിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ജലവൈദ്യുത പദ്ധതിയാണ് ഏറ്റവും ചെലവുകുറഞ്ഞ വൈദ്യുതോൽപ്പാദന മാർഗ്ഗം. അനവധി ജലവൈദ്യുത പദ്ധതികൾ ആരംഭിക്കാൻ സാധ്യതയുള്ള നാടാണ് കേരളം. പാലക്കാട് ജില്ലയിൽ പദ്ധതി ആരംഭിക്കാൻ സാധിക്കുന്ന നിരവധി സ്ഥലങ്ങളുണ്ട്. പാലക്കാട് - മണ്ണാർക്കാട് - പാത്രക്കടവ് പദ്ധതി ആരംഭിക്കാൻ സാധിക്കുമോയെന്ന് ആലോചിക്കാവുന്നതാണ്. ഏതാണ്ട് ഏഴെട്ട് മാസക്കാലം ചെക്ക്ഡാമിൽ നീരൊഴുക്കുണ്ട്. ചെക്ക്ഡാമുകളുമായി ബന്ധപ്പെട്ട് ചെറിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, പാത്രക്കടവ് പദ്ധതിയെക്കുറിച്ച് ഒരു പുനഃപരിശോധന നടത്തുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ അതിൽ പങ്കെടുക്കാൻ നമുക്ക് സാധിക്കുമെന്നാണ് തോന്നുന്നത്. വനം വകുപ്പിന് ഇവിടെന്നുതന്നെ അനുമതി കൊടുക്കാനുള്ള സാഹചര്യം പുതുതായി കേന്ദ്രഗവൺമെന്റിന്റെ ഗൈഡ് ലൈനിൽ വന്നിട്ടുണ്ട്. അത് പരിശോധിക്കുന്നതാണ്. ഏറ്റവും ചിലവ് കുറഞ്ഞ രീതിയിൽ ഇലക്ട്രിസിറ്റി ലഭിക്കുന്നത് ഹൈഡൽ

പ്രോജക്ടിലൂടെയാണ്. കുറച്ചുകാലമായി അതിന് മുൻഗണന കൊടുത്തിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 38 MW ഹൈഡൽ പ്രോജക്ട് കൊണ്ടുവന്നിട്ടുണ്ട്. ഇരുന്നൂറ്റി അൻപതോളം മെഗാവാട്ട് ഈ വർഷംതന്നെ പൂർത്തിയാക്കാനുള്ള പരിശ്രമത്തിലാണ്. അതിന് അനുമതിയെല്ലാം നൽകി പല പണികളും ആരംഭിച്ചിട്ടുമുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വൈദ്യുതി ബോർഡിലെ ക്രമക്കേടുകളെക്കുറിച്ച് മുൻ ചെയർമാൻ കുറെ ആക്ഷേപങ്ങൾ പരസ്യമായി പറഞ്ഞിരുന്നു. ഏറ്റവും ഒടുവിൽ വൈദ്യുതി ബോർഡ് ചെയർമാനെ മാറ്റിയതായി വാർത്തകണ്ടു. വൈദ്യുതി ബോർഡ് ചെയർമാൻ പറഞ്ഞത് തെറ്റായതുകൊണ്ടാണോ അതോ ഭരണ സൗകര്യത്തിനുവേണ്ടിയാണോ അദ്ദേഹത്തെ മാറ്റിയതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഭരണ സൗകര്യത്തിനുവേണ്ടിയാണ് മാറ്റിയത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കേരളത്തിലെമ്പാടുമുള്ള പഞ്ചായത്തുകളിൽ പുരപ്പുറ വൈദ്യുതീകരണം വ്യാപകമായി നടക്കുകയാണ്. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിയോട്

ചോദിക്കാനുള്ളത്, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധാരാളം ഗവൺമെന്റ് സ്കൂളുകൾ രണ്ടുനില കെട്ടിടങ്ങളായി പുതുക്കിപ്പണിയുകയുണ്ടായി. ഇതിന്റെ മുകളിലത്തെ നിലയിൽ കുട്ടികൾക്ക് കഠിനമായ ചൂടാണ് അനുഭവപ്പെടുന്നത്. അതുകൊണ്ട് ഇത്തരത്തിലുള്ള എല്ലാ സ്കൂളുകളുടെയും മുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചുകൊണ്ട് പുരപ്പുറ വൈദ്യുതീകരണം വ്യാപകമാക്കി, അതോടൊപ്പം ബഹുമാനപ്പെട്ട ചെയറിനോട് ഒരു അപേക്ഷയുള്ളത്, തിരുവനന്തപുരം ജില്ലയിലെ ഏറ്റവും വലിയ മന്ദിരമാണ് കേരള നിയമസഭാ മന്ദിരം. ഈ മന്ദിരത്തിന്റെ മുകളിലും തൊട്ടടുത്തുള്ള ഓഫീസ് കോംപ്ലക്സിനുമുകളിലും സോളാർ പാനൽ സ്ഥാപിക്കാൻ ഇലക്ട്രിക് സിറ്റി ബോർഡ് തയ്യാറാകുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട സ്പീക്കറുമായും വിദ്യാഭ്യാസ വകുപ്പുമായും ആലോചിച്ച് തീരുമാനമെടുക്കാം. അവരുടെ സഹായമുണ്ടെങ്കിലെ ചെലവ് ചുരുക്കി ഇത് പൂർത്തിയാക്കാൻ സാധിക്കുകയുള്ളു. അല്ലെങ്കിൽ കൂടുതൽ ചെലവ് വേണ്ടിവരും. അത് ആലോചിച്ച് ചെയ്യാവുന്നതാണ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, സംസ്ഥാനത്തൊട്ടാകെ സബ്സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ കോട്ടക്കലിലും വേങ്ങരയിലും സബ്സ്റ്റേഷൻ ആരംഭിക്കാനിരിക്കുകയാണ്. സ്ഥലം ഏറ്റെടുപ്പ് ഇതുവരെ നടന്നിട്ടില്ല. ഡി.എൽ.പി.സി. അനുസരിച്ചായിരുന്നു നേരത്തെ സ്ഥലമേറ്റെടുപ്പ് നടന്നിരുന്നത്. 2020 -ലെ ഓർഡർ അനുസരിച്ച് അത് ലാൻഡ് അക്വിസിഷനിലേയ്ക്ക് മാറി. അതുകൊണ്ട് അതിന് വലിയ കാലതാമസം വരികയാണ്. ലാൻഡ് അക്വിസിഷനിലേക്ക് വരുമ്പോൾ അതിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് എന്ന പേരിൽ 35-40 ലക്ഷം രൂപ വരെ കൊടുക്കേണ്ടിവരുകയാണ്. അത് ബോർഡിന് കൊടുക്കാനും സാധിക്കുന്നില്ല. ലാൻഡ് അക്വിസിഷന് പകരം ഡി.എൽ.പി.സി. ആക്കി മാറ്റി നെഗോഷിയേഷൻ റേറ്റിൽ സ്ഥലം ഏറ്റെടുത്ത് വേങ്ങര അടക്കമുള്ള സബ് സ്റ്റേഷന്റെ സ്ഥലമേറ്റെടുപ്പ് നടത്തിയാൽ അവിടത്തെ വൈദ്യുതിയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. ഇതിലൊരു നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് സാധിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അഞ്ചേക്കറിൽ താഴെയുള്ളതിന് നെഗോഷിയേറ്റ് പർച്ചേസിനുവേണ്ടിയുള്ള പ്രൊപ്പോസൽ കൊടുത്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അനുമതി കിട്ടിയാൽ തീർച്ചയായും ചെയ്യുന്നതായിരിക്കും.

ശ്രീ. ഇ. കെ. വിജയൻ: സർ, ഈ കാലയളവിൽ എത്ര വീടുകൾക്ക് കണക്ഷൻ കൊടുക്കാനാണ് വൈദ്യുതി വകുപ്പ് ലക്ഷ്യമിടുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇപ്പോൾ കണക്ഷൻ കിട്ടാത്തത് പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ മാത്രമാണ്. അവർക്ക് കണക്ഷൻ കൊടുക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുമന്ത്രിയുമായി സംസാരിച്ച് സമയബന്ധിതമായി ഒരു പരിപാടി തയ്യാറാക്കുന്നതാണ്. വൈദ്യുതി എത്താൻ സാഹചര്യമില്ലാത്തിടത്ത് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചോ, മിനി ഹൈഡൽ പ്ലാന്റുകൾ സ്ഥാപിച്ചോ, വൈദ്യുതി എത്തിക്കുന്നതിനുള്ള പരിശ്രമം നടത്തുന്നതാണ്. ഏകദേശം ഒന്നര വർഷത്തിനുള്ളിൽ ഇത് പൂർത്തിയാക്കാൻ സാധിക്കും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ട്രാൻസ്ഫോർമറുകളും, വൈദ്യുതി തൂണുകളും അനുവദിക്കുന്ന കാര്യത്തിൽ കാസർഗോഡ് ജില്ലയോട് അവഗണനയുണ്ടോയെന്നൊരു സംശയം ഞങ്ങൾക്കുണ്ട്. അതുപോലെ

ഇപ്പോൾ മീറ്റർ റീഡിംഗ് നടത്തുന്നത് രണ്ട് മാസത്തിലൊരിക്കലാണ്. ഉപഭോക്താവിനെ സംബന്ധിച്ച് സ്ലാബ് സിസ്റ്റത്തിൽ മീറ്റർ റീഡിംഗ് നടത്തുന്നത് നഷ്ടമാണ്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു വിശദീകരണം തരാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കാസർഗോഡ് ജില്ലക്ക് പ്രത്യേക പരിഗണനയാണ് കൊടുക്കുന്നത്. ചീമേനിയിൽ 400 മെഗാവട്ടിന്റെ ഒരു പദ്ധതി സ്ഥാപിക്കുന്നുണ്ട്. അത് നടപ്പിലായാൽ അവിടത്തെ വൈദ്യുതി പ്രശ്നത്തിന് പരിഹാരമാകും. കാസർഗോഡ് ജില്ലയോട് ഒരു അവഗണനയുമില്ല. പ്രത്യേക പരിഗണനയാണ് മലബാർ മേഖലയ്ക്ക് കൊടുക്കുന്നത്. അതുപോലെ മീറ്റർ റീഡിംഗ് രണ്ട് മാസത്തിലൊരിക്കലല്ല, ശരാശരി ഒരു മാസമായിട്ടാണ് കണക്കാക്കുന്നത്. സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതോടെ അത്തരം പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാം.

ശ്രീ. ജോബ് മൈക്കിൾ: സർ, പുതിയ റോഡുകളുടെ പണി നടന്നുവരുമ്പോൾ ഗതാഗത തടസ്സമുണ്ടാകുന്ന രീതിയിൽ റോഡുകളിൽ നിൽക്കുന്ന കെ.എസ്.ഇ.ബി. പോസ്റ്റുകൾ അടിയന്തരമായി മാറ്റി സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പി.ഡബ്ല്യു.ഡി.-യിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആലോചിച്ച് ഗതാഗതത്തിന് തടസ്സംവരാത്ത രീതിയിലുള്ള ഒരു സംവിധാനം ചെയ്തിട്ടുണ്ട്.

**സഹകരണ മേഖലയിലെ കേന്ദ്ര സർക്കാർ ഇടപെടൽ**

2 (*332) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. എം. മണി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയെ ദുർബലപ്പെടുത്തുന്ന തരത്തിൽ കേന്ദ്ര സർക്കാർ നടത്തുന്ന ഇടപെടലുകളുടെ തുടർച്ചയായി സ്വകാര്യ ബാങ്കുകൾക്കുവേണ്ടി അർബൻ ബാങ്കുകളെ തകർക്കാൻ നടത്തുന്നതായി പറയപ്പെടുന്ന നീക്കം എപ്രകാരം പ്രതിരോധിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അർബൻ ബാങ്കുകളെ സൂപ്പർവൈസറി ആക്ഷൻ ഫ്രെയിംവർക്കിൽ കൊണ്ടുവരാനുള്ള റിസർവ് ബാങ്ക് തീരുമാനത്തിന്റെ പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ;

(സി) കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ സാധ്യമാകുന്ന തരത്തിൽ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് അറിയിക്കാമോ?

സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) : സർ,

(എ) സഹകരണ മേഖലയെ ദുർബലപ്പെടുത്തുന്ന തരത്തിൽ കേന്ദ്ര സർക്കാർ നടത്തുന്ന ഇടപെടലുകളുടെ തുടർച്ചയായി സ്വകാര്യ ബാങ്കുകൾക്ക് വേണ്ടി അർബൻ ബാങ്കുകളെ തകർക്കാൻ നീക്കം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അർബൻ ബാങ്കുകളെ നിയന്ത്രിക്കുന്നതിനായി RBI പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ബാങ്കിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.

(ബി) 1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരം, ഒരു ബാങ്കിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്താനും

അതിനനുസരിച്ച് നിർദ്ദേശങ്ങൾ നൽകാനും ആർ.ബി.ഐ.-യ്ക്ക് അർഹതയുണ്ട്. സമ്മർദ്ദത്തിലായ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളെ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിനായാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ സൂപ്പർവൈസറി ആക്ഷൻ ഫ്രെയിംവർക്ക് അവതരിപ്പിച്ചത്. ഇത് ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾക്ക് സമാനമാണ്. ഒരു അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ നെറ്റ് എൻ.പി.എ. അതിന്റെ അറ്റ അഡ്വാൻസുകളുടെ 6% അധികരിക്കുമ്പോൾ SAF-ന് കീഴിൽ വയ്ക്കാം. സമ്മർദ്ദത്തിന്റെ തീവ്രതയെ ആശ്രയിച്ച് റിസർവ് ബാങ്ക് നടപടികളെടുത്തേയ്ക്കാം.

**<u>സാഫ്-ന് കീഴിൽ വരുമ്പോൾ ചുവടെ പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്താം.</u>**

- ആർ.ബി.ഐ.-യുടെ മുൻകൂർ അനുമതിയില്ലാതെ ഡിവിഡന്റ് പ്രഖ്യാപനം/പണം/സംഭാവന എന്നിവയ്ക്കുള്ള നിയന്ത്രണം കൊണ്ടുവരുന്നു.

•NPA-കൾ/ഡിഫോൾട്ടുകളുടെ ഉയർന്ന അനുപാതമുള്ള സെക്ടറുകൾ/സെഗ്മെന്റുകൾക്കുള്ള വായ്പാ സൗകര്യങ്ങളുടെ അനുമതി/പുതുക്കൽ വെട്ടിക്കുറയ്ക്കുന്നു.

•പുതിയ വായ്പകൾക്കും അഡ്വാൻസുകൾക്കുമുള്ള എക്സ്പോഷർ പരിധിയിൽ കുറവ് വരുത്തുന്നു.

•100%-ത്തിലധികം അപകടസാധ്യതയുള്ള പുതിയ വായ്പകൾക്കും അഡ്വാൻസുകൾക്കും നിയന്ത്രണം കൊണ്ടുവരുന്നു.

•റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതിയില്ലാതെ നിശ്ചിത പരിധിക്കപ്പുറം മൂലധനച്ചെലവ് നടത്തുന്നതിനുള്ള നിയന്ത്രണം കൊണ്ടുവരുന്നു.

•പലിശയും പ്രവർത്തന/ഭരണ ചെലവുകളും കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

•അർബൻ ബാങ്കിനെ മറ്റൊരു ബാങ്കുമായി ലയിപ്പിക്കുന്നതിനോ സ്വയം ഒരു ക്രെഡിറ്റ് സൊസൈറ്റിയായി മാറ്റുന്നതിനോ വേണ്ടി ഭരണസമിതിയോട് നിർദ്ദേശിക്കുന്നു.

•താൽക്കാലിക ലിക്വിഡിറ്റി പൊരുത്തക്കേട് ഒഴിവാക്കുന്നതിന് വേണ്ടിയുള്ളത് ഒഴികെ പുതിയ വായ്പകൾക്കുള്ള നിയന്ത്രണം.

•ടേം ഡെപ്പോസിറ്റുകൾ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്/കിസാൻ വികാസ് പത്ര/ ഇൻഷുറൻസ് പോളിസികളുടെ ഈട് സെക്യൂരിറ്റിക്ക് എതിരായ വായ്പകൾ ഒഴികെയുള്ള പുതിയ ലോണുകളുടെയും അഡ്വാൻസുകളുടെയും അനുമതി/വിതരണത്തിനുള്ള നിരോധനം.

•നിക്ഷേപങ്ങളുടെ വലിപ്പം വർദ്ധിപ്പിക്കുന്നതിനുള്ള നിരോധനം.

'സി' ചോദ്യത്തിനുള്ള ഉത്തരം ദീർഘമായതിനാൽ മേശപ്പുറത്ത് വയ്ക്കുന്നു.+ പൊതുവിൽ സൂചിപ്പിക്കാനുള്ളത്, ഒരു വർഷത്തിനുള്ളിൽ 56,420 പേർക്ക് തൊഴിലവസരങ്ങളുണ്ടാക്കാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻവേണ്ടിയുള്ള ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ മേശപ്പുറത്ത് വയ്ക്കുകയാണ്.

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, പ്രാഥമിക സഹകരണ സംഘങ്ങളുടെ നിലനിൽപ്പിനുതന്നെ ഭീഷണിയായി ഉയർന്ന പലിശ നിരക്ക് വാഗ്ദാനം ചെയ്ത് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ഗവൺമെന്റ് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ കേന്ദ്ര നിയമങ്ങൾക്ക് വിധേയമായാണ് പ്രവർത്തിക്കുന്നത്, സംസ്ഥാന സഹകരണ മേഖലയ്ക്ക് അതിനെ നിയന്ത്രിക്കാൻ കഴിയില്ല. ഇതുസംബന്ധിച്ച പരാതികൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, പ്രാഥമിക സഹകരണ ബാങ്കുകൾ 'ബാങ്ക്' എന്ന് പേരിനോടൊപ്പം ചേർക്കാൻ പാടില്ല, വോട്ടവകാശം ഉള്ളവരിൽനിന്നുമാത്രമേ നിക്ഷേപം സ്വീകരിക്കാൻ പാടുള്ളൂ തുടങ്ങിയ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിബന്ധനകൾ സഹകരണ മേഖലയ്ക്ക് സൃഷ്ടിക്കുന്ന ആഘാതം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, നമ്മുടെ സംസ്ഥാനത്തെ സഹകാരികളുടെ സംയുക്ത യോഗം ചേർന്ന് വലിയ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുകയും ആർ.ബി.ഐ. ഗവർണർക്കും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും കത്തെഴുതുകയുമുണ്ടായി. ഇതുകൂടാതെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഇപ്പോൾ ആർട്ടിക്കിൾ 131 അനുസരിച്ച് ഒരു സ്യൂട്ട് ഫയൽ ചെയ്തിട്ടുമുണ്ട്.

<u>ശ്രീ. എം. എം. മണി</u>: സർ, സംസ്ഥാനത്തെ ടൂറിസം രംഗത്ത് വലിയ സാധ്യതയും അതിവേഗം വളർന്നുവരുന്ന സാഹചര്യവുമുണ്ട്. സഹകരണ സംഘങ്ങൾക്ക് ഈ രംഗത്ത് വലിയ സംഭാവനകൾ ചെയ്യാനും ഇടപെടാനും കഴിയും. അതോടൊപ്പം ഇപ്പോൾ നിലനിൽക്കുന്ന പ്രശ്നങ്ങളിൽ പരിഹാരം കാണുന്നതിന് സഹകരണ വകുപ്പ് ഇടപെടുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ടൂർ ഫെഡിന്റെ യോഗം വിളിച്ചുചേർത്ത് അങ്ങ് സൂചിപ്പിച്ച രൂപത്തിൽ വിപുലവും വിശാലവുമായ സാധ്യത സഹകരണ മേഖലയിൽക്കൂടി ടൂറിസത്തിന് ഉണ്ടാകുന്നതിനുള്ള പ്ലാനിംഗ് ഉണ്ടായിട്ടുണ്ട്. അതോടൊപ്പം മൂന്നാറിൽ റിസോർട്ട് ഉൾപ്പെടെ

സ്ഥാപിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കാൻ സഹായിക്കുന്ന പ്രവർത്തനങ്ങൾക്ക് സഹകരണ മേഖല തുടക്കം കുറിച്ചിട്ടുണ്ട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കേന്ദ്ര സർക്കാരിന്റെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 80 പ്രകാരമുള്ള നികുതിയിളവ് പിൻവലിച്ചിട്ടുണ്ട്. ഒരു സാമ്പത്തിക വർഷം ഒരു കോടിയിലധികം രൂപ പണമായി ബാങ്കിൽനിന്ന് പിൻവലിക്കുന്നതിന് ആദായ നികുതി നിയമത്തിൽ ഇപ്പോൾ ഭേദഗതി വരുത്തിയിട്ടുണ്ട്. പുതുതായി കൂട്ടിച്ചേർത്ത 194N വകുപ്പുപ്രകാരം സ്രോതസ്സിൽ രണ്ട് ശതമാനം TDS (Tax Deducted at Source) അടയ്ക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതെല്ലാം കേരളത്തിലെ സഹകരണ സംഘങ്ങളെ തകർക്കുന്ന സംവിധാനമാണ്. ഇതിനെതിരായി എന്ത് നടപടിയാണ് കേരളത്തിൽ സ്വീകരിച്ചത്?

ശ്രീ. വി. എൻ. വാസവൻ: സർ, 194N വകുപ്പ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര ഗവൺമെന്റിന് കത്ത് നൽകിയിരുന്നു. അതോടൊപ്പംതന്നെ ഈ വിഷയം ആർ.ബി.ഐ.-യുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. ഇതുകൂടാതെ ഓരോ ബാങ്കുകളും സിംഗിളായി

കോടതിയെ സമീപിച്ച് സ്റ്റേ സമ്പാദിച്ച് മുന്നോട്ടുപോകുന്നു. ഇതുസംബന്ധിച്ച കേസും നിലവിലുണ്ട്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, പ്രളയം, കോവിഡ് എന്നീ സാഹചര്യങ്ങളിൽ ജപ്തി നടപടികൾ നിർത്തിവച്ചതുകാരണം സഹകരണ സംഘങ്ങളുടെ വായ്പാ കുടിശ്ശിക വർദ്ധിക്കുന്നതിനും അതുവഴി സംഘങ്ങൾ അനുഭവിക്കുന്ന പ്രയാസത്തിനും ഗവൺമെന്റ് എന്തെങ്കിലും പരിഹാരം നിർദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ ഈ കാര്യത്തിൽ വൺ ടൈം സെറ്റിൽമെന്റ് നടപ്പാക്കിയിട്ടുണ്ട്. ജൂലൈ 31 വരെ അതിന്റെ സമയം നീട്ടിയിട്ടുണ്ട്. നല്ല പുരോഗതിയും റിസൾട്ടും ഉണ്ടാകുന്നു എന്നുള്ളതാണ് മനസ്സിലാക്കാൻ കഴിയുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, സഹകരണ മേഖലയിലെ തൊഴിൽ സാധ്യതകളുമായി ബന്ധപ്പെട്ട അടിസ്ഥാന കോഴ്സുകളിലൊന്നാണ് ജെ.ഡി.സി. (ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ). പ്രസ്തുത കോഴ്സിനായി ഒരു സെന്ററാണ് മലപ്പുറം ജില്ലയിലുള്ളത്. തൊട്ടടുത്ത ജില്ലയായ കോഴിക്കോടാണ് മറ്റൊരു സെന്ററുള്ളത്. കോഴിക്കോട് ജില്ലയിൽ

ആറ് ഡിവിഷനുകളുണ്ട്. മലപ്പുറം ജില്ലയിൽ ഏക ഡിവിഷനാണുള്ളത്. ബാങ്കിൽ ജോലിയുള്ളവരും അല്ലാത്തവരുമായ മലപ്പുറം ജില്ലയിലെ ഭൂരിഭാഗം ഉദ്യോഗാർത്ഥികളും ഇന്ന് ആശ്രയിക്കുന്നത് കോഴിക്കോട് ജില്ലയെയാണ്. മലപ്പുറം ജില്ലയിലുള്ള ജെ.ഡി.സി. സെന്ററിൽ നിലവിലുള്ള ഒരു ഡിവിഷൻ എന്നുള്ളത് കൂടുതൽ ഡിവിഷനുകളുണ്ടാക്കി കൂടുതൽ കുട്ടികൾക്ക് പഠിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഓരോ ജില്ലയിലും സംസ്ഥാന സഹകരണ യൂണിയനുകളാണ് ജെ.ഡി.സി. കോഴ്സുകൾ നടത്തുന്നത്. അങ്ങ് സൂചിപ്പിച്ച ഈ കാര്യം യൂണിയന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് കൂടുതൽ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കാം.

ശ്രീ. പ്രമോദ് നാരായൺ: സർ, കേരളത്തിൽ സംരംഭകത്വം ഒരു ശീലവും സംസ്കാരവുമായി മാറുകയാണ്. വ്യവസായ വകുപ്പിന്റെ ഉദ്യമങ്ങൾ ഇതിന് കൂടുതൽ ഉണർവ് പകരുന്നുമുണ്ട്. കാർഷിക മേഖലയിലുൾപ്പെടെ ഒരുപാട് പുതിയ സംരംഭങ്ങൾ കടന്നുവരുന്നു. എന്നാൽ കേരളത്തിൽ ഇത്തരം ഇടത്തരം ചെറുകിട സംരംഭങ്ങൾക്ക് ഒരു പ്രൊഫഷണൽ ബ്രാൻഡിംഗ് ഇല്ല. ഫലപ്രദമായ വിപണി ദേശീയ തലത്തിലും

അന്തർദേശീയ തലത്തിലും കണ്ടെത്താനും പൊതുവായി എല്ലാ മേഖലയിലും മാതൃകാപരമായി ഇടപെടുന്ന സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിന് ഒരു പൊതു ബ്രാൻഡുണ്ടാക്കി വിപണി കണ്ടെത്താനും ഡിജിറ്റൽ പ്ലാറ്റ്ഫോമുൾപ്പെടെ ആരംഭിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, പ്ലാൻ ചെയ്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, സഹകരണ മേഖലയെ ദുർബലപ്പെടുത്തുന്ന കേന്ദ്ര സർക്കാർ നിലപാടിനെതിരായി അതിശക്തമായ പ്രതിരോധം ഉയർത്തിക്കൊണ്ടുവരാൻ സംസ്ഥാന സർക്കാർ നേതൃത്വം നൽകണം. ഇക്കാര്യത്തിൽ പ്രതിപക്ഷവും കൂടെയുണ്ടാകും. നബാർഡ് നൽകുന്ന വായ്പാ പദ്ധതിയിൽനിന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിലെ ജനങ്ങളെ പരിപൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. ഒരു ശതമാനം പലിശ നിരക്കിൽ രണ്ട് കോടി രൂപവരെ വായ്പ നൽകുന്ന ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ലോൺ, കോവിഡിന്റെ പശ്ചാത്തലത്തിൽ നബാർഡ് നൽകുന്ന സ്പെഷ്യൽ ലിക്വിഡിറ്റി ഫണ്ട് തുടങ്ങി നിരവധി ആനുകൂല്യങ്ങൾ മലപ്പുറം ജില്ലയിലെ ജനങ്ങൾക്ക് നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ജില്ലാ ബാങ്ക്, കേരളാ ബാങ്കിൽ ലയിച്ചില്ല

എന്ന ഒറ്റക്കാരണത്താലാണ് ജില്ലയിലെ ജനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്ന നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഒരു ജില്ലയിലെ ജനങ്ങൾക്ക് മുഴുവൻ ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഒന്നൊന്നായി ഹനിക്കുന്ന ഈ സമീപനം സർക്കാരിന്റെ അറിവോടുകൂടിയാണോ? സംസ്ഥാന ബാങ്ക് മുഖേനയാണ് നബാർഡിന്റെ പദ്ധതികളുടെ ആനുകൂല്യം ജനങ്ങൾക്ക് നൽകേണ്ടത്. സംസ്ഥാന ബാങ്ക് ഈയൊരു നിലപാട് സ്വീകരിക്കുന്നത് സംസ്ഥാന ഗവൺമെന്റിന്റെ അറിവോടുകൂടിയാണോ? സഹകരണ മേഖലയ്ക്ക് വലിയ ഊർജം പകർന്നിട്ടുള്ള ഒരു പ്രദേശമാണ് മലപ്പുറം ജില്ല എന്നുള്ള കാര്യം നിങ്ങൾക്കറിയാം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്..... പ്ലീസ്..... അങ്ങ് ചോദ്യം ചോദിക്കൂ.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അതുകൊണ്ട് ആ ജില്ലയിലെ ജനങ്ങൾക്ക് അർഹമായിട്ടുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്ന നടപടി സർക്കാർ പുനഃപരിശോധിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, എ.ഐ.എഫ്.(ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്സ്)-ന്റെ പരിധിയിൽനിന്ന് മലപ്പുറം ജില്ലയെ

ഒഴിവാക്കിയിട്ടില്ല. അത് കൃത്യമായി വാങ്ങിയെടുക്കുന്ന രംഗത്ത് മലപ്പുറം ജില്ലാ സഹകരണ ബാങ്ക് നന്നായാൽ മതി, കാര്യങ്ങൾ ശരിയാകും.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കായിക രംഗത്ത് മികവ് തെളിയിച്ച നിരവധി കായിക താരങ്ങളുള്ള ഒരു സംസ്ഥാനമാണ് കേരളം. ഇവർക്ക് സഹകരണ മേഖലയിൽ ജോലി കൊടുക്കുന്നതിനായി ഡിപ്പാർട്ടുമെന്റ് ടീം രൂപീകരിക്കുന്ന നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, സഹകരണ മേഖലയിൽ ഇപ്പോൾ സ്പോർട്സ് വകുപ്പ് ഇടപെട്ടിട്ടില്ല. സ്പോർട്സിന് നല്ല രൂപത്തിലുള്ള ഒരു വകുപ്പും അതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ജോലിയുടെ പരിഗണനയുമെല്ലാം നൽകിവരുന്നുണ്ട്. സഹകരണ മേഖലയിൽ അങ്ങനെയൊരു കാര്യം ചെയ്യാൻ ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുമില്ല. ഇപ്പോൾ വോളിബോളിനും ഫുട്ബോളിനും ബാഡ്മിന്റണുമൊക്കെ ടർഫ് നിർമ്മിക്കുന്ന സ്ഥിതിയിലേയ്ക്ക് ചില സംഘങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. ഇതുമാത്രമാണ് ഈ രംഗത്തുള്ള ഇടപെടൽ. മറ്റ് കാര്യങ്ങൾ ആലോചിച്ചിട്ടില്ല.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, സാധാരണക്കാരായ ജനങ്ങൾക്ക് ഏറ്റവും വലിയ ആശ്വാസം പകരുന്നതാണ് സഹകരണ മേഖല.

കേരളത്തിൽ ഏറ്റവും ഫലപ്രദമായി പ്രവർത്തിച്ചുകൊണ്ടിരുന്ന കൺസ്യൂമർഫെഡ് 2011-16 കാലഘട്ടത്തിൽ വലിയ തകർച്ചയുടെ വക്കിലായിരുന്നു. അതിനുശേഷമുള്ള ഈ ആറ് വർഷക്കാലത്തിനുള്ളിൽ കൺസ്യൂമർഫെഡിന് എന്ത് വളർച്ചയും പുരോഗതിയുമാണ് കരസ്ഥമാക്കാൻ കഴിഞ്ഞത്; അതിന്റെ വിറ്റുവരവ് ഇന്ന് എത്രത്തോളമെത്തിയിട്ടുണ്ട് എന്നതിനെ സംബന്ധിച്ച് വിശദീകരിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, കൺസ്യൂമർഫെഡിന് മുമ്പുണ്ടായിരുന്ന വലിയ രൂപത്തിലുള്ള നഷ്ടങ്ങൾ നികത്തിക്കൊണ്ടുവരാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും അവസാനത്തെ വിറ്റുവരവ് കണക്ക് അറിയണമെങ്കിൽ പ്രത്യേക ചോദ്യം തന്നാൽ വിശദീകരിക്കാം. ഇപ്പോൾ മാർക്കറ്റിൽ നന്നായി ഇടപെട്ട് വിലക്കയറ്റത്തിന് വിരാമമിടാനും ജനങ്ങൾക്ക് മറ്റ് ആശ്വാസപ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും കോവിഡിന്റെ കാലഘട്ടത്തിൽ വാതിൽപ്പടി സേവനം ഉൾപ്പെടെ ഉറപ്പാക്കാനും കൺസ്യൂമർഫെഡ് നല്ല രൂപത്തിൽ പ്രവർത്തിച്ചിരുന്നു എന്ന കാര്യം അങ്ങയെ അറിയിക്കുകയാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി ഉപയോഗിക്കാൻ നമുക്ക് സാധിക്കുന്നില്ല. ഏകദേശം കോടി കണക്കിന് രൂപയുടെ നിക്ഷേപം നമ്മുടെ സഹകരണ മേഖലയിലുണ്ട്. പല സംഘങ്ങളിലും ഡെപ്പോസിറ്റ് കുന്നുകൂടി കിടക്കുകയാണ്. അതുകൊണ്ടുതന്നെ പല സഹകരണ സ്ഥാപനങ്ങളും നിക്ഷേപം വാങ്ങാൻ മടിക്കുന്നുണ്ട്. കാരണം നിക്ഷേപകർക്ക് പലിശ കൊടുക്കണം. ഇത് ഫലപ്രദമായി പുറത്തേയ്ക്ക് കൊടുക്കാൻ സാധിക്കുന്നില്ല. ഈ ഫണ്ട് വളരെ ഫലപ്രദമായി ഉപയോഗിക്കാനുള്ള ക്രമീകരണങ്ങൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. സർക്കാർ ഇതുസംബന്ധിച്ച് ചർച്ച നടത്തുകയും ഇതിനായി വിവിധ പദ്ധതികൾക്ക് രൂപയും ഭാവവും നൽകുകയും ചെയ്തിട്ടുണ്ട്. സമീപകാല ഭാവിയിൽ സർപ്ലസ് ഫണ്ടുകളുള്ള ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് അവ ഫലപ്രദമായി വിനിയോഗിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുവരുമെന്ന് അറിയിക്കുകയാണ്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, കേരളത്തിൽ പട്ടികജാതി പട്ടികവർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന നിരവധി സഹകരണ സംഘങ്ങൾ ഇപ്പോൾ വളരെ പരിതാപകരമായ നിലയിൽ മുന്നോട്ടുപോകുകയാണ്. പ്രത്യേക പദ്ധതി പ്രകാരം അവ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ നേരത്തെതന്നെ എടുത്തിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. നാളിതുവരെ സ്വീകരിച്ച നടപടിയെക്കുറിച്ചും അതിന്റെ പുരോഗതിയെ സംബന്ധിച്ചും വിശദീകരിക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇതിനായി ബഡ്ജറ്റിൽ പ്രത്യേകമായി ഫണ്ട് വകയിരുത്തി അവരുടെ ഫെഡറേഷൻ വിളിച്ചുകൂട്ടി ചില സംഘങ്ങൾ പുനരുദ്ധരിക്കാനുള്ള പാക്കേജിന് രൂപം നൽകിക്കഴിഞ്ഞു. സമീപകാല ഭാവിയിൽ മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗ സംഘങ്ങളെയും പുനരുജ്ജീവിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കും.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ടൊരു കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ കണിയാമ്പറ്റയിലുള്ള സൗത്ത് വയനാട് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ തെരഞ്ഞെടുപ്പ് കഴിഞ്ഞ്

ഒന്നാം തീയതിയായിരുന്നു. എന്നാൽ തെരഞ്ഞെടുപ്പ് നടത്തരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതി വിധി പ്രഖ്യാപിച്ചിരിക്കുന്നതുമൂലം അത് നടന്നിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. ടി. സിദ്ദിഖ്: സർ, അവിടെ 500-ഓളം അംഗങ്ങൾ ജീവിച്ചിരിക്കെ അവരുടെ പേര് മാറ്റി വേറെ പേരുകൾ കൂട്ടിച്ചേർത്തു. അവസാനം ഹൈക്കോടതി ഇടപെട്ട് അവരുടെ പേരുകൾ മാറ്റി പുതിയ ലിസ്റ്റ് തയ്യാറാക്കാൻ പറഞ്ഞു. ഇതിനൊക്കെ നേതൃത്വം കൊടുത്തിരിക്കുന്ന ഒരു ഇലക്ടറൽ ഓഫീസറുണ്ട്. ഇന്നത്തെ കാലത്ത് ഒരു കാരണവശാലും സഹകരണ മേഖലയിൽ ചെയ്യാൻ പാടില്ലാത്ത ഈ പ്രവർത്തനത്തിന് നേതൃത്വം കൊടുത്ത ഇലക്ടറൽ ഓഫീസർ ഉൾപ്പെടെയുള്ള ആളുകൾക്കെതിരെ നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, സഹകരണ മേഖലയിലെ ജീവനക്കാരും ഭരണസമിതിയും ജനങ്ങളോട് ഏറെ ആഭിമുഖ്യമുള്ളവരാണ്.

അത് ഒഴിവാക്കിക്കൊണ്ട് റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പ്രവർത്തനത്തിനുകീഴിൽ സഹകരണ ബാങ്കുകളെ മാറ്റുവാനുള്ള ശ്രമം നടത്തുന്നുണ്ടോ; ഒപ്പംതന്നെ സഹകരണ സ്ഥാപനങ്ങളുടെ ജനകീയ സ്വഭാവം നഷ്ടപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങൾ എന്തൊക്കെയാണ്?

ശ്രീ. വി. എൻ. വാസവൻ: സർ, അർബൻ ബാങ്കുകളുടെ കാര്യത്തിലാണ് നിയന്ത്രണം വന്നിരിക്കുന്നത്. അതിൽ ഡയറക്ടർ ബോർഡിനുള്ളിൽ ഒരു ബോർഡ് ഓഫ് മാനേജ്മെന്റ് രൂപീകരിക്കാനും ആഡിറ്റിനെ സംബന്ധിച്ചിടത്തോളം സി.എ.ക്കാരെ വച്ച് പ്രത്യേക ആഡിറ്റ് നടത്തുന്നതിനും അതോടൊപ്പം സി.ഇ.ഒ. അടക്കമുള്ളവരുടെ നിയമനരംഗത്ത് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള ഒരു നീക്കവും വന്നിട്ടുണ്ട്. എന്നാൽ Primary Agricultural Credit Society (PACS)-കളിൽ അത്തരത്തിലുള്ളൊരു നീക്കം വന്നിട്ടില്ല. അങ്ങനെയൊരു നിയന്ത്രണം വരാതിരിക്കാനുള്ള നീക്കങ്ങൾ സർക്കാർ സ്വീകരിക്കുന്നുണ്ട്.

ശ്രീ. എ. പ്രഭാകരൻ: വൺ ടൈം സെറ്റിൽമെന്റിന്റെ കാലാവധി ജൂലൈ 31-ന് അവസാനിക്കുകയാണ്. തോരാതെ പെയ്യുന്ന മഴ, പഞ്ഞമാസമായ

കർക്കിടകം ഇതൊക്കെയാണ് നിലവിലെ അവസ്ഥ. പാലക്കാട് ജില്ലയിൽ കൊയ്ത്ത് നടക്കുന്നത് ചിങ്ങം, കന്നി മാസത്തിലാണ്. അതിനാൽ വൺ ടൈം സെറ്റിൽമെന്റിന്റെ കാലാവധി ദീർഘിപ്പിക്കാൻ എന്തെങ്കിലും ഉദ്ദേശമുണ്ടോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. വി. എൻ. വാസവൻ: സർ, നിലവിൽ അഞ്ച് മാസത്തോളം നീട്ടി നൽകിയിരുന്നു. അങ്ങ് സൂചിപ്പിച്ചതുപോലെ സഹകാരികളുടെ ആവശ്യങ്ങൾ വന്നാൽ ഇനിയും പരിഗണിക്കാവുന്നതാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, കാർഷിക മേഖലയിൽ ശ്രദ്ധേയമായ ഇടപെടലുകളാണ് സഹകരണ സംഘങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. എന്റെ മണ്ഡലത്തിലെ കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് നെല്ല് സംഭരിക്കുന്നുണ്ട്, അതുപോലെ തേങ്ങ സംഭരിച്ച് വെളിച്ചെണ്ണ വിപണിയിലിറക്കുന്നുണ്ട്. തിരുവമ്പാടി മാർക്കറ്റിംഗ് സൊസൈറ്റിയും മാതൃകാപരമായ നിലയിൽതന്നെ ഈ പ്രവർത്തനം ഏറ്റെടുക്കുന്നുണ്ട്. കാർഷിക വിളകളുടെ സംഭരണ-സംസ്കരണ-വിപണന കേന്ദ്രങ്ങൾ ആരംഭിക്കാൻ സഹകരണ മേഖല ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ

അങ്ങനെയൊരു ശ്രമം സഹകരണ മേഖലയുടെ ഭാഗത്തുനിന്നുണ്ടാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ അതിന് തുടക്കം കുറിച്ചിട്ടുണ്ട്. കേരളത്തിലെ പതിനാല് ജില്ലകളിലും കോപ്മാർട്ട് (Coop Mart) സ്ഥാപിച്ച് സഹകരണ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. ഇതുകൂടാതെ വലിയതോതിൽ ഉല്പന്നങ്ങൾ സംഭരിക്കാൻ കഴിയുന്ന വിധത്തിൽ ശീതീകരിച്ച വാഹനങ്ങളിലൂൾപ്പെടെ വിപണനം നടത്താൻ കഴിയുന്ന സൗകര്യം ഏർപ്പെടുത്തുകയും രണ്ട് സ്ഥലങ്ങളിൽ അത് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരളത്തിലെ സഹകരണ ബാങ്കുകൾ നൽകുന്ന വായ്പകളുടെ പേരിൽ വലിയ കൊള്ള നടക്കുന്ന അവസ്ഥ ഇപ്പോൾ നിലനിൽക്കുന്നുണ്ട്. പല ബാങ്കുകളും വായ്പക്കാർ അവധി തെറ്റിച്ചാൽ ഒന്നോ രണ്ടോ വർഷം കഴിയുമ്പോൾ അതിന്റെ പലിശകൂടി മുതലിനൊപ്പം ചേർത്ത് വായ്പ പുതുക്കിക്കൊടുക്കുകയാണ്. അങ്ങനെ അഞ്ചാറ് വർഷം കഴിയുമ്പോൾ

അവർ എടുത്ത വായ്പയുടെ യഥാർത്ഥ മുതലിന്റെ നാലും അഞ്ചും ഇരട്ടിയായി തുക വർദ്ധിക്കുകയാണ്. സഹകരണ ബാങ്കിംഗ് തലത്തിൽ ഇത്തരത്തിൽ വലിയൊരു കൊള്ള നടക്കുന്നുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്തെങ്കിലും സംവിധാനമുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ചില ബാങ്കുകൾ അവരുടെ ആഡിറ്റിൽ ലാഭം കാണിക്കാൻവേണ്ടി പലിശ കൂട്ടി പുതുക്കി വലിയ തുക കാണിച്ച് ഡിവിഡന്റ് വരുമ്പോൾ അത് വാങ്ങിക്കൊണ്ടുപോകുന്നുണ്ട്. ഈ പ്രവണത തടയുന്നതിനായി ഇത്തരത്തിലുള്ള പുതുക്കലുകൾ കർശനമായി ഒഴിവാക്കണമെന്നും ആഡിറ്റിൽ ശക്തിയായി ഇടപെടണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. വി. ജോയി: സർ, കേന്ദ്ര ഗവൺമെന്റ് പുതിയ സഹകരണ നിയമം നടപ്പിലാക്കിയതിനുശേഷമാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും അതുപോലെ 'നിധി' പോലുള്ള സ്ഥാപനങ്ങളും വ്യാപകമായി വരുന്നത്. ഇത് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ ദോഷകരമായി ബാധിക്കുകയാണ്, പന്ത്രണ്ട് ശതമാനം വരെ നിക്ഷേപകർക്ക് പലിശ കൊടുക്കുന്ന ഒരു സ്ഥിതിയുണ്ട്. പുതിയ സഹകരണ

നിയമം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് കേരളത്തിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിലവിൽ നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല, എന്നാൽ ചില സൂചനകൾ വന്നുതുടങ്ങിയിട്ടുണ്ട്. ഓരോ പ്രാഥമിക സംഘത്തിന്റെയും ഉള്ളടക്കങ്ങൾ സംബന്ധിച്ച റിപ്പോർട്ട് കളക്ട് ചെയ്യാനുള്ള ഒരു നീക്കം വരുന്നുണ്ട്. അത് ഇത്തരത്തിലുള്ള നീക്കത്തിന്റെ ഭാഗമാണ്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ നിയന്ത്രിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല, 'നിധി'-യും കേന്ദ്ര സർക്കാരിന്റെ കീഴിലാണ്. സമാന്തരമായി അവ കൊണ്ടുപോകുകയാണ്. അതിനെതിരായി ഇപ്പോൾ ഫയൽ ചെയ്ത കേസിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, കോവിഡിന്റെ പശ്ചാത്തലത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെയും പത്ത് സെന്റിൽ താഴെ ഭൂമിയുള്ള നിത്യരോഗികളുള്ള കുടുംബങ്ങളുടെയും വായ്പ എഴുതിത്തള്ളാൻ എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, സർക്കാരിന് വലിയതോതിൽ സാമ്പത്തിക ബാദ്ധ്യത വരുത്തുന്ന കാര്യമാണത്. സഹകരണ സംഘങ്ങളെ

സംബന്ധിച്ചിടത്തോളം അഞ്ച് സെന്റിൽ താഴെയുള്ള ആളുകളുടെ ജപ്തി നടപടികൾ നടത്താൻ പാടില്ലെന്ന് പ്രാഥമിക സംഘങ്ങൾക്ക് പൊതുവായി നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങനെ ഏതെങ്കിലും രൂപത്തിൽ നടത്തുകയാണെങ്കിൽ അവർക്ക് പ്രത്യേകം ഷെൽറ്ററുകൾ ഉണ്ടാക്കിക്കൊടുക്കണം. അത് കൃത്യമായി നടപ്പാക്കുന്നുണ്ട്. വൺ ടൈം സെറ്റിൽമെന്റിലൂടെ പീനൽ ഇന്ററസ്റ്റ് ഒഴിവാക്കി ഇന്ററസ്റ്റ് എത്രകണ്ട് തീരുമാനിക്കാമോ അത്രകണ്ട് തീരുമാനിക്കാനുള്ള അധികാരങ്ങൾ പ്രൈമറി സംഘങ്ങൾക്ക് കൊടുത്തിട്ടുണ്ട്. അക്കാര്യം അവരാണ് തീരുമാനിക്കേണ്ടത്.

ശ്രീ. മുരളി പെരുനെല്ലി: സർ, കേരം തിങ്ങും കേരള നാട്ടിൽ നാളികേര കർഷകരെ സംബന്ധിച്ചിടത്തോളം നാളികേരത്തിന് 32 രൂപ വില നിശ്ചയിച്ചിട്ടുണ്ടെങ്കിൽപ്പോലും അത് സംഭരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ വ്യാപകമായി ഇല്ലാത്തതിനാൽ കർഷകർ വളരെ ദുരിതത്തിലാണ്. ആയതിനാൽ സഹകരണ സംഘങ്ങളിലൂടെ നാളികേരം സംഭരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, പ്രസ്തുത വിഷയം കൃഷി വകുപ്പും കേര ഫെഡുമായി കൂടിയാലോചിച്ച് ചെയ്യേണ്ട കാര്യമാണ്. കേര ഫെഡ്

ഇക്കാര്യത്തിലുള്ള നീക്കങ്ങളും നിർദ്ദേശങ്ങളും തന്നാൽ അക്കാര്യം പരിഗണിക്കുന്നതാണ്.

## നികുതി ചോർച്ച തടയാൻ നടപടി

3(*333) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ നികുതി വരുമാനത്തിൽ സംസ്ഥാന ചരക്ക് സേവന നികുതിയും സംയോജിത ചരക്ക് സേവന നികുതിയും എത്ര വീതമായിരുന്നെന്ന് അറിയിക്കാമോ;

(ബി) ദേശീയ സാമ്പിൾ സർവ്വേ പ്രകാരം രാജ്യത്ത് ഏറ്റവും ഉയർന്ന തോതിലുള്ള ഉല്പന്ന, സേവന ഉപഭോഗം സംസ്ഥാനത്തുണ്ടായിട്ടും തദനുസൃതം ചരക്ക് സേവന നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാകാത്തതിനുള്ള കാരണം പരിശോധന വിധേയമാക്കിയിരുന്നോ;

(സി) ആഭ്യന്തരോപഭോഗ വസ്തുക്കളുടെ ഉദ്ദേശം എൺപത് ശതമാനവും സംസ്ഥാനത്തിന് വെളിയിൽ നിന്ന് വരുന്നുവെന്ന കണക്കിന്റെയടിസ്ഥാനത്തിൽ സംയോജിത ചരക്ക് സേവന നികുതിയിൽ

കാര്യമായ ചോർച്ചയുണ്ടാകുന്നുവെന്ന് അനുമാനിക്കപ്പെടുന്നതിനാൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ഡി) വ്യാജ രേഖ ചമച്ച് ഇൻപുട്ട് ടാക്സ് വെട്ടിപ്പ് നടത്തിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച പരിശോധന കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) 2021-22 സാമ്പത്തിക വർഷത്തെ ചരക്ക് സേവന നികുതിയുടേയും സംയോജിത ചരക്ക് സേവന നികുതിയുടേയും വിവരം ചുവടെ ചേർക്കുന്നു;

| | |
|---|---|
| SGST (in Cr) | 9887.02 |
| IGST Settlement (in Cr) | 12440.48 |
| IGST Ad hoc Settlement (in Cr) | 1657.79 |

(ബി) ജി.എസ്.ടി നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കും എന്നാണ് പ്രതീക്ഷിച്ചതെങ്കിലും, നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായില്ല. ജി.എസ്.ടി.

നടപ്പിലാക്കിയതോടുകൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനം എടുക്കാൻ കഴിയാതായി. ജി.എസ്.ടി. തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും കോവിഡും പ്രകൃതി ദുരന്തങ്ങളും ഏല്പിച്ച ആഘാതങ്ങളും ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച തോതിൽ വർദ്ധിക്കാത്തതിന് പ്രധാന കാരണങ്ങളാണ്. ജി.എസ്.ടി. ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണമായും നടപ്പാക്കാത്തതുമൂലം വിവരങ്ങൾ കാര്യക്ഷമമായി പരിശോധിക്കുന്നതിനും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ഇൻപുട്ട് ടാക്സ് കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും നിലവിൽ കഴിയാത്ത സ്ഥിതിയാണ്.

രാജ്യമൊട്ടാകെ ജി.എസ്.ടി. വരുമാനത്തിലുണ്ടായ വളർച്ചയ്ക്ക് ആനുപാതികമായ വളർച്ച ജി.എസ്.ടി. വരുമാനത്തിൽ കേരളത്തിലും ഉണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നത് പ്രകാരമുള്ള 14% നികുതി വർദ്ധനവ് ഇതുവരെ പ്രാപ്യമായിട്ടില്ല.

(സി) ജി.എസ്.ടി. ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണമായും നടപ്പാക്കാത്തതുമൂലം വിവരങ്ങൾ കാര്യക്ഷമമായി പരിശോധിക്കുന്നതിനും, സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ഇൻപുട്ട് ടാക്സ് കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും നിലവിൽ കഴിയാത്ത സ്ഥിതിയാണ്. ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയത് ജി.എസ്.ടി.-യുടെ തുടക്കത്തിൽ നികുതി വെട്ടിപ്പിന് കാരണമായിട്ടുണ്ടെങ്കിലും തുടർന്ന് ഇ-വേ ബിൽ സംവിധാനം നടപ്പിലാക്കിയതിലൂടെ ഒരു പരിധിവരെ നികുതി വെട്ടിപ്പ് തടയാൻ കഴിഞ്ഞു. ഇ-വേ ബിൽ പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാനത്ത് Automatic Number Plate Recognition (ANPR) നടപ്പിലാക്കി. ഇതിലൂടെ ഇ-വേ ബിൽ ഇല്ലാതെ സംസ്ഥാനത്തിനകത്തേക്ക് പ്രവേശിക്കുന്ന ചരക്ക് വാഹനങ്ങളുടെ വിവരം അപ്പപ്പോൾതന്നെ SMS അലർട്ട് മുഖേന വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുകയും, അത്തരം വാഹനങ്ങൾ പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുന്നതിനും കഴിഞ്ഞിട്ടുണ്ട്. ANPR സംവിധാനം സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിലും സംസ്ഥാനത്തിനകത്തും കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ANPR സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) വ്യാജ രേഖ ചമച്ച് ഇൻപുട്ട് ടാക്സ് വെട്ടിപ്പ് നടത്തിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ ഇൻവെസ്റ്റിഗേഷൻ, ഇന്റലിജൻസ് വിഭാഗങ്ങൾ വ്യാജ രേഖകളിലൂടെ ഇൻപുട്ട് ടാക്സ് വെട്ടിക്കുന്നവരെ കണ്ടെത്തി അവർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചുവരുന്നു. ഇത്തരക്കാർക്കെതിരെ ജി.എസ്.ടി. നിയമപ്രകാരം അറസ്റ്റ് ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം കേസുകൾ കണ്ടെത്തുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനുമായി വകുപ്പിലെ ഇൻവെസ്റ്റിഗേഷൻ വിഭാഗം ഉദ്യോഗസ്ഥർക്ക് ആറ് ദിവസത്തെ പ്രത്യേക പരിശീലനം നൽകുകയുണ്ടായി. വൻതോതിൽ നികുതി വെട്ടിപ്പിന് നേതൃത്വം നൽകിയ മൂന്ന് പേരെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം ജാമ്യമില്ലാ വകുപ്പുകൾ ചുമത്തി അറസ്റ്റ് ചെയ്യുകയുണ്ടായി. വ്യാജ ഇൻപുട്ട് ടാക്സ് വെട്ടിപ്പ് സംഘങ്ങൾ പലപ്പോഴും പല സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനാൽ ഇത്തരം സംഘങ്ങളെ കണ്ടെത്തുന്നതിനും അമർച്ച ചെയ്യുന്നതിനും കേന്ദ്ര നികുതി

രഹസ്യാന്വേഷണ വിഭാഗത്തെയും മറ്റു സംസ്ഥാനങ്ങളിലെ നികുതി വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ജി.എസ്.ടി. കൗൺസിൽ തീരുമാനങ്ങൾ ധനപരമായ ഫെഡറലിസത്തിന് എതിരാകുന്നുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ ഏത് തരത്തിലാണെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ജി.എസ്.ടി. കൗൺസിൽ നിയമങ്ങൾ സംബന്ധിച്ച് ഈ അടുത്ത കാലത്ത് സുപ്രീം കോടതി വളരെ സുപ്രധാനമായ ഒരു വിധി പ്രഖ്യാപിക്കുകയുണ്ടായി. അതിൽ ജി.എസ്.ടി. എന്നാൽ സംസ്ഥാനങ്ങൾ നിർബന്ധമായും ഏറ്റെടുക്കണമെന്നല്ല മറിച്ച് സംസ്ഥാനങ്ങളോട് കുറച്ച് അഡ്വൈസറിയായ തരത്തിൽ കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതാണെന്നുള്ള വിധിയാണ് വന്നിട്ടുള്ളത്. അത് സംബന്ധിച്ച് ധാരാളം കാര്യങ്ങളിൽ പ്രായോഗികമായ മാറ്റങ്ങൾ വരേണ്ടതുണ്ട്. അതിനെ സംബന്ധിച്ചുള്ള ചർച്ചകൾ വരുന്നുണ്ട്. അത് സംസ്ഥാനങ്ങൾക്ക് കുറച്ചുകൂടി സ്വാതന്ത്ര്യം നൽകുന്നതിന് സഹായകരമായിട്ടുണ്ട്. സംസ്ഥാനങ്ങളുടെ താൽപര്യം തീരെ

സംരക്ഷിക്കാതെ വരുന്ന ഘട്ടത്തിൽ സംസ്ഥാനങ്ങൾക്ക് ചില കാര്യങ്ങളിൽ സ്വതന്ത്രമായ നിലപാടെടുക്കാൻ നിയമപരമായ അവസരം നൽകുന്നതുതന്നെയാണ് ഈ സുപ്രീം കോടതി വിധി. സംസ്ഥാനങ്ങളെയും കോർപ്പറേറ്റീവ് ഫെഡറലിസത്തിനെയും കുറച്ചുകൂടി ശക്തിപ്പെടുത്തുന്ന വിധിയാണത്. കോർപ്പറേറ്റീവ് ഫെഡറലിസത്തിന്റെ കൺസപ്റ്റ് കൃത്യമായി പാലിക്കണമെന്ന് പറഞ്ഞുതന്നെയാണ് ആ സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിരിക്കുന്നത്. അത് സംസ്ഥാനങ്ങൾക്ക് അനുകൂലം തന്നെയാണ്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, സമീപകാലത്തുണ്ടായ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. ഈ അവകാശം ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ജി.എസ്.ടി. കൗൺസിലിൽ ഇക്കാര്യം ഉന്നയിച്ചതിന്റെ ഭാഗമായി ജി.എസ്.ടി കൗൺസിലിനകത്ത് സംസ്ഥാനങ്ങളുടെ പൊതുവായ ആവശ്യങ്ങൾ കുറച്ചുകൂടി ശക്തിപ്പെട്ടുവരുന്നുണ്ട്. വലുതും ചെറുതുമായ എല്ലാ സംസ്ഥാനങ്ങളും ചേരുന്ന

ജി.എസ്.ടി. കൗൺസിലിൽ ഒരേ അവകാശമാണെങ്കിലും ഒരുപോലെയാണ് അഭിപ്രായങ്ങൾ കൈകാര്യം ചെയ്യുന്നത്. അവിടെ സംസ്ഥാനങ്ങളുടെ പൊതു ആവശ്യം ഉയർന്നുവരുന്നു. ഞാൻ നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ ഏറ്റവും കുറഞ്ഞത് ജി.എസ്.ടി. കോമ്പൻസേഷനെങ്കിലും തുടർന്നും തരണമെന്ന് എല്ലാ സംസ്ഥാനങ്ങളും ആവശ്യപ്പെടുകയുണ്ടായി. പലതരത്തിലാണ് അവരുടെ ആവശ്യമെന്നേയുള്ളൂ. അതായത് പ്രതിപക്ഷസംസ്ഥാനങ്ങൾ അഞ്ചുവർഷത്തേയ്ക്ക് നിശ്ചിതതുകവച്ച് നീട്ടണമെന്ന് ആവശ്യപ്പെട്ടപ്പോൾ ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾ അല്ലെങ്കിൽ കേന്ദ്രഭരണകക്ഷിയെ സപ്പോർട്ട് ചെയ്യുന്ന സംസ്ഥാനങ്ങൾ എന്തായാലും കോമ്പൻസേഷൻ വേണം അതിനുചിതമായൊരു തീരുമാനം കേന്ദ്ര ഗവൺമെന്റ് എടുക്കണമെന്നേ പറഞ്ഞുള്ളൂ. പക്ഷെ, കോമ്പൻസേഷൻ വേണമെന്നകാര്യത്തിൽ ഒരു സംസ്ഥാനത്തിനും സംശയമില്ല. വരുമാനക്കുറവ് വലിയതോതിൽ വന്നുവെന്നതിന് സംസ്ഥാനത്തിന് സംശയമില്ല. അതുകൊണ്ട് ജി.എസ്.ടി. കൗൺസിലിൽ അക്കാര്യങ്ങൾ ചെയ്യുന്നുണ്ട്. ജി.എസ്.ടി കൗൺസിലിനുപുറത്ത് സംസ്ഥാനങ്ങൾ ഒരുമിച്ച് ചേർന്ന് ഇക്കാര്യങ്ങൾ ആവശ്യപ്പെടുന്നുമുണ്ട്. കോടതിവിധി വന്നതിന്റെ

അടിസ്ഥാനത്തിൽ അക്കാര്യങ്ങൾ കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. ഇത്തരം അഭിപ്രായങ്ങൾ ശക്തമായി പറയുന്ന സംസ്ഥാനങ്ങൾ ഒരുമിച്ച് ചേർന്ന് ഇക്കാര്യങ്ങളെപ്പറ്റി കൂടിയാലോചിക്കുന്ന നടപടിക്രമങ്ങൾ സർക്കാർ സ്വീകരിക്കുന്നുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാനത്ത് ജി.എസ്.ടി. വർദ്ധനവ് പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. ഇന്നുമുതൽ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെയെല്ലാം വില വൻതോതിൽ വർദ്ധിക്കാൻ പോകുകയാണ്. കേന്ദ്രഗവൺമെന്റ് സാമ്പത്തികമായി പലരൂപത്തിലും സംസ്ഥാനത്തെ വരിഞ്ഞുമുറുക്കുകയാണ്. ജി.എസ്.ടി. നഷ്ടപരിഹാരത്തുക സംസ്ഥാനത്തിന് ലഭ്യമാകുന്നില്ലെന്ന് മാത്രമല്ല, സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന വരുമാനം വൻതോതിൽ വെട്ടിക്കുറയ്ക്കുകയുമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി സംസ്ഥാനത്തിന് ലഭ്യമായിരുന്ന വരുമാനം വൻതോതിൽ വെട്ടിക്കുറച്ച സാഹചര്യമാണ് നിലനിൽക്കുന്നത്. വളരെ ഗുരുതരമായ ഒരവസ്ഥാവിശേഷമാണ് സംസ്ഥാനത്തിനുമേൽ കേന്ദ്ര ഗവൺമെന്റ് ചെലുത്തിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ അർഹമായ അവകാശം നിഷേധിച്ച് സംസ്ഥാനത്ത് സാമ്പത്തിക

അരാചകത്വം സൃഷ്ടിച്ച് സർക്കാരിനെ ബുദ്ധിമുട്ടിലാക്കാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുകയാണ്. ഈ കേന്ദ്രസർക്കാർ നിലപാടുകൾ മുൻനിർത്തി സംസ്ഥാനത്തിന് വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പൊതുവിൽ നോക്കുമ്പോൾ ജി.എസ്.ടി. വന്നതിനുശേഷമുള്ള ടാക്സ് വരുമാനത്തിന്റെ യഥാർത്ഥ അവസ്ഥ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നത് നന്നാവുമെന്ന് കരുതുന്നു. ജി.എസ്.ടി. വന്ന സമയത്തിന് മുമ്പോ അല്ലെങ്കിൽ ജി.എസ്.ടി നിലവിൽ വന്നതുമുതലുള്ള കാര്യങ്ങൾ പരിശോധിച്ചാൽ മുൻനികുതി വകുപ്പ് സംവിധാനമായ വാറ്റ് ഉണ്ടായിരുന്നപ്പോൾ ഓരോ വർഷവും ശരാശരി 14 ശതമാനം വീതം സംസ്ഥാനങ്ങൾക്ക് ടാക്സ് വർദ്ധനയുണ്ടായിരുന്നു. അങ്ങനെ ആ വർദ്ധന ഉറപ്പാക്കിത്തരുമെന്ന കണ്ടീഷനിലാണ് ജി.എസ്.ടി. സമ്പ്രദായം നടപ്പിലാക്കിയത്. ആദ്യത്തെ അഞ്ചുവർഷം ആ കണ്ടീഷൻ നടപ്പിലാക്കുമെന്നും അതുകഴിയുമ്പോൾ സംസ്ഥാനങ്ങൾ കുറച്ചുകൂടി കേപബിളാകുമ്പോൾ നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാകുമെന്നുമാണ് പ്രതീക്ഷിച്ചത്. ഫലത്തിൽ കഴിഞ്ഞ 5 വർഷങ്ങളിൽ അതായത്, 2017-18-

ൽ പ്രൊട്ടക്റ്റഡ് റവന്യൂ അതായത് 14 ശതമാനം ആവാത്തതിന്റെ കുറവ് നമുക്ക് അത്രയും വന്നില്ല. സംസ്ഥാനത്തിന്റെ ടാക്സും 14 ശതമാനം വർദ്ധനവിന് കിട്ടുമായിരുന്നതും തമ്മിലുള്ള വ്യത്യാസമാണ് പ്രൊട്ടക്റ്റഡ് റവന്യൂ. 2017-18-ൽ 12,200 കോടി രൂപയാണ് കിട്ടിയത്. ജി.എസ്.ടി. നടപ്പിലാക്കിയ വർഷമായതുകൊണ്ട് 2018-19-ൽ ഈയിനത്തിൽ 21,000 കോടി രൂപയോളം സംസ്ഥാനത്തിന് നൽകേണ്ടതായിവന്നു. പിന്നീട് 20,000 കോടി രൂപയോളംവന്നു. ഞാൻ പറഞ്ഞ ആദ്യത്തെ കണക്കുകൾ പ്രൊട്ടക്റ്റഡ് റവന്യൂ അല്ല. 2019-20-ൽ 8111 കോടി രൂപയാണ് വന്നത്. 2020-21-ൽ 12,828 കോടി രൂപയാണ്. വലിയ തോതിലുള്ള വരുമാന നഷ്ടമുണ്ടായ കോവിഡിന്റെ കാലഘട്ടമാണിത്. ഇക്കഴിഞ്ഞവർഷം അതായത്, 2021-22-ൽ 12850 കോടി രൂപയാണ് സംസ്ഥാനത്തിന് പ്രൊട്ടക്റ്റഡ് റവന്യൂ ഇനത്തിൽ ലഭിച്ചത്. ഈ ജൂൺ മാസം മുതൽ സംസ്ഥാനത്തിന് പ്രൊട്ടക്റ്റഡ് റവന്യൂ ഇനത്തിൽ തുക കിട്ടുന്നില്ല. പ്രൊട്ടക്റ്റഡ് റവന്യൂ 2017-18 മുതൽ 2102, 3532, 8111, 12828, 12850 എന്ന നിലയിൽ ലഭിച്ചുകൊണ്ടിരുന്നത് ഈ വർഷം മുതൽ ലഭിക്കുന്നില്ല. എത്ര വിചാരിച്ചാലും വർദ്ധിപ്പിക്കാൻ പറ്റാത്ത സ്ഥിതിയാണ് സംസ്ഥാനത്തുള്ളത്. അതിനൊരു

കാരണം കൂടിയുണ്ട്. അഖിലേന്ത്യാടിസ്ഥാനത്തിൽ മൊത്തം സാധനങ്ങളുടെ വിലയിൽ 16 ശതമാനം വരെയായിരുന്ന വർദ്ധനവ്, അതായത് 15.5 ശതമാനമായിരുന്ന റവന്യൂ ന്യൂട്രൽ റേറ്റ്. ലോകസഭാ തെരഞ്ഞെടുപ്പ് വന്നപ്പോൾ കേന്ദ്ര സർക്കാർ ലക്ഷ്വറി സാധനങ്ങളുടെ ടാക്സ് കുറച്ചു, അതിപ്പോൾ 11 ശതമാനം മാത്രമേയുള്ളൂ. അതായത്, ഈ റേറ്റിൽ മൂന്നിലൊന്ന് ടാക്സ് കുറഞ്ഞു. എത്രയായിട്ടും ഇത് റീഗെയിൻ ചെയ്യാൻ സാധിക്കുന്നില്ല. അവിശ്യസാധനങ്ങളുടെ വിലവർദ്ധിക്കുന്നുവെന്നത് പ്രമാദമായൊരു വിഷയമാണ്. ജി.എസ്.ടി. കൗൺസിലിലും റേറ്റ് സംബന്ധിച്ച കമ്മിറ്റിയിലും ശക്തമായ നിലപാട് കേരളമെടുത്തത്, വൻതോതിൽ വർദ്ധിപ്പിച്ചിട്ട് കുറച്ചു, അതായത് 28 ശതമാനമുണ്ടായിരുന്നതിൽനിന്നും 18 ശതമാനത്തിലേയ്ക്കും 12 ശതമാനത്തിലേയ്ക്കും കുറച്ച ലക്ഷ്വറി സാധനങ്ങളുടെ ടാക്സ് പുനഃസ്ഥാപിക്കുക. ഏറ്റവും സാധാരണക്കാരെ ബാധിക്കുന്ന കാര്യങ്ങളുടെ ടാക്സ് വർദ്ധിപ്പിക്കാനും പാടില്ല. പക്ഷേ, ഫലത്തിൽ അങ്ങനെയൊരു തീരുമാനമെടുക്കുന്നില്ല. വീണ്ടും വീണ്ടും ആ തീരുമാനം നീട്ടിവയ്ക്കുകയാണ്. ഇപ്പോൾ ഉണ്ടായിരിക്കുന്ന ഉല്പന്നങ്ങളുടെ വിലവർദ്ധനവിന്റെ കാര്യത്തിലും ശക്തമായ അഭിപ്രായം

പറഞ്ഞിട്ടുണ്ട്. അവശ്യസാധനങ്ങളുടെ വില ഇത്രയധികം വർദ്ധിപ്പിക്കാൻ പാടില്ല. ബ്രാൻഡഡ്/ലേബൽഡ് അല്ലാത്ത സാധനങ്ങളുടെ വില വർദ്ധിപ്പിക്കാൻ പാടില്ലെന്ന ആവശ്യം സംസ്ഥാന സർക്കാർ ശക്തമായി ഉന്നയിച്ചിട്ടുണ്ടെന്ന കാര്യം ഈ സഭയിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സർക്കാരിന് ഇക്കാര്യത്തിൽ ശക്തമായ നിലപാടാണുള്ളത്. ഇന്നലെ അവിടെ നിന്നിറങ്ങുമ്പോൾ ഇക്കാര്യങ്ങളെസംബന്ധിച്ച് ക്ലാരിഫിക്കേഷനുവേണ്ടി ചില കാര്യങ്ങൾ ചോദിക്കേണ്ടി വന്നു. കാരണം, അവിടെ പറഞ്ഞതിനേക്കാൾ വ്യത്യസ്തമായിട്ടാണ് കേന്ദ്ര സർക്കാർ ഉത്തരവ് ഇറങ്ങിയതെന്ന സംശയം വന്നു. ഇന്നലെ രാത്രി അതുസംബന്ധിച്ച് ഒരു ക്ലാരിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. അക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിന് കത്തയയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. നമുക്കാവശ്യമായ ക്ലാരിഫിക്കേഷനും, ഏറ്റവും സാധാരണക്കാരെ ബാധിക്കുന്ന തരത്തിലേയ്ക്ക് വിലവർദ്ധിപ്പിക്കാൻ പറ്റില്ലെന്നുള്ള നിലപാടെടുക്കും. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ചോദിച്ച ചോദ്യമുണ്ട്, എന്തുകൊണ്ടാണ് നമുക്കിത്രയും

ഉപഭോഗമുണ്ടായിട്ടും വേണ്ടത്ര ടാക്സ് കിട്ടാത്തത്? സി.ഡി.എസ്.-നെയും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിനെയും ഇതുസംബന്ധിച്ചൊരു പഠനം നടത്താൻ ഏൽപ്പിച്ചിട്ടുണ്ട്. പുറത്തേയ്ക്ക് പോകുന്നതിന്റെ ഇരട്ടി ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നൊരു സംസ്ഥാനമാണ് കേരളം. എന്നിട്ടും എന്തുകൊണ്ട് വേണ്ടത്ര ടാക്സ് സംസ്ഥാനത്തിന് ലഭിക്കുന്നില്ലെന്നത് സംബന്ധിച്ച് പഠനം നടത്തുന്നുണ്ട്. വകുപ്പിന്റെ പുനഃസംഘടനയെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും കഴിഞ്ഞ സമ്മേളനത്തിൽ ചോദിച്ചു. അക്കാര്യത്തിന്മേൽ ഏകദേശം തീരുമാനമെടുക്കുന്ന തരത്തിലേയ്ക്കുള്ള ഫയൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ മേഖലയിൽ പുതിയ കാര്യങ്ങൾ ചെയ്യാനും വരുമാനം വർദ്ധിപ്പിക്കാനുമുള്ള ശ്രമവും നടത്തുണ്ട്.

<u>ശ്രീ. ടി. ഐ. മധുസൂദനൻ:</u> സർ, ജി.എസ്.ടി. വർദ്ധനവിന്റെ പശ്ചാത്തലത്തിൽ കേരളം നേരിടാൻ പോകുന്ന വിലക്കയറ്റമടക്കമുള്ള വിഷയങ്ങളെക്കുറിച്ചാണ് ഇന്നത്തെ മാധ്യമങ്ങളിലെ പ്രധാന വാർത്ത. ഈയൊരു പശ്ചാത്തലത്തിൽ ജി.എസ്.ടി. വകുപ്പ് നികുതി സമാഹരണത്തിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നുണ്ടോ;

വിലക്കയറ്റം തടഞ്ഞുനിർത്താനുള്ള നടപടികൾ പ്രത്യേകമായി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വിലക്കയറ്റം തടഞ്ഞുനിർത്താൻ നടത്തുന്ന ശ്രമങ്ങളെക്കുറിച്ചാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്. ടാക്സിന്റെ സ്ട്രക്ച്ചറിൽ വരുന്ന കാര്യത്തിൽ ശക്തമായി ഇടപെടുന്നുണ്ട്. കേന്ദ്രഗവൺമെന്റിനോട് വീണ്ടും ആവശ്യപ്പെടുന്നതായിരിക്കും. എന്നാൽ സംസ്ഥാനത്തെ വരുമാനം വർദ്ധിപ്പിക്കുന്നതും ഇതുമായി ബന്ധമില്ല. ടാക്സ് തരണമെന്നുള്ളതും നൽകണമെന്നുള്ളതും പലർക്കും ഒരു ബോധമായി വരുന്നില്ല. അതൊരു പ്രധാന പ്രശ്നമാണ്. അതുകൊണ്ട് നികുതി എന്റെ ഉത്തരവാദിത്വമാണെന്ന രീതിയിൽ സംസ്ഥാനത്താകെ വലിയൊരു ക്യാമ്പയിൻ സംഘടിപ്പിക്കുകയെന്നത് പൊതുവിൽവന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ആലോചിച്ചിട്ടുണ്ട്. ലക്കി ബിൽ ആപ്പ് എന്ന് പറയുന്നൊരു വലിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുകയാണ്. മുൻകാലങ്ങളിൽ നടത്തിയ ചില പരിപാടികൾ നടത്തിയതുപോലെയല്ല. ഇതിലൊരു ആപ്പുണ്ട്. ഏറ്റവും കൂടുതൽ ആളുകളെ ബിൽ വാങ്ങാൻ പ്രേരിപ്പിക്കുന്ന, ബിൽ വാങ്ങിക്കഴിഞ്ഞാൽ അവരുടെ ആ ബില്ലിന്റെ ഫോട്ടോ

എടുക്കാൻ പറ്റുന്നൊരു സംവിധാനം കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ട്. വരുമാനം വർദ്ധിപ്പിക്കാൻ പലതരത്തിലുള്ള കാര്യങ്ങൾ ചെയ്യുന്നുണ്ട്. ടാക്സ് വർദ്ധിപ്പിക്കാനുള്ള ശ്രമവും ഉണ്ടാകും. വില സാധാരണക്കാരെ ബാധിക്കാതെ കൊണ്ടുപോകുന്ന തരത്തിലുള്ള കാര്യങ്ങളാണ് തൽക്കാലം ആലോചിക്കുന്നത്.

<u>ശ്രീ. എ. രാജ</u>: സർ, സംസ്ഥാനത്ത് ജി.എസ്.ടി.-യുടെ വരുമാനച്ചോർച്ച തടയുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ശക്തിപ്പെടുത്തുന്നുണ്ട്. അതിന്റെ ഭാഗമായി വ്യാജ ഇൻവോയ്സ് കൊണ്ടുവന്ന് ചില ആളുകൾ ടെക്നിക്കലായി ഇതിനെ ദുരുപയോഗപ്പെടുത്തുന്നതാണ്. ചില ആളുകളെ ജാമ്യമില്ലാ വകുപ്പ് അനുസരിച്ച് അറസ്റ്റ് ചെയ്യേണ്ടിവന്നിട്ടുണ്ട്. നിയമത്തിന്റെ പല പഴുതുകളും ഉപയോഗിച്ച് ടാക്സ് വെട്ടിപ്പ് നടക്കുന്നുണ്ട്. സാധനങ്ങൾ കൊണ്ടുവരുന്നതിന് വേണ്ടത്ര രേഖയില്ലാത്ത കാര്യങ്ങളുമുണ്ട്. ഇതിന് കുറേയേറെ കാര്യങ്ങളുണ്ട്. കൃത്യമായി ബില്ലുകൾ കൊടുക്കാത്തതും ടാക്സ് കളക്ട് ചെയ്തിട്ട് കച്ചവടക്കാർ അടയ്ക്കാത്തതുമായ പ്രശ്നങ്ങളുമുണ്ട്.

ഇതിനുവേണ്ടി കൂടുതൽ കർശനമായ നിലപാടെടുക്കും. അക്കാര്യത്തിൽ തട്ടിപ്പ് കാണിക്കുന്നവരോട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും യാതൊരു വിട്ടുവീഴ്ചയുമുണ്ടാകില്ല, കർശനമായ നിലപാടായിരിക്കുമുണ്ടാവുകയെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ജി.എസ്.ടി. കൗൺസിലിൽ ഒരു നികുതി തീരുമാനം എടുക്കുകയും അതിൽനിന്നും വ്യത്യസ്തമായ തലത്തിൽ സംസ്ഥാനങ്ങളറിയാതെ മറ്റൊരു ഉത്തരവ് ഇറങ്ങുകയും അതിന്റെ ഫലമായി അരി ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് വില രൂക്ഷമായി വർദ്ധിക്കുകയും ചെയ്യുന്നൊരു സാഹചര്യമുണ്ടായിട്ടുണ്ട്. ഇതിൽ കൃത്യത വരുത്താനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് ആമുഖമായി അഭ്യർത്ഥിക്കാനുള്ളത്. സംസ്ഥാനത്തിന് വരുമാനനഷ്ടം എന്തുകൊണ്ടുണ്ടാകുന്നു? ജി.എസ്.ടി. കൊണ്ട് ഇന്ത്യയിൽ ഏറ്റവും കൂടുതൽ വരുമാനവും നികുതി വർദ്ധനവുമുണ്ടാകുമെന്ന് കണക്കാക്കിയ സംസ്ഥാനമാണ് കേരളം. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി 30 ശതമാനത്തിന്റെ നികുതി വർദ്ധനവുണ്ടാകുമെന്ന് കണക്കാക്കിയിരുന്നു. സംസ്ഥാനത്ത് വ്യാപകമായ നികുതി വെട്ടിപ്പ് നടക്കുകയാണ്. ജി.എസ്.ടി.-

നടപ്പിലാക്കുന്നതിന്റെ തുടക്കം മുതൽ ശ്രദ്ധിക്കാതെ പോയതുകൊണ്ടുള്ള നികുതി വെട്ടിപ്പ് നടക്കുകയാണ്. ഏറ്റവും കൂടുതൽ സ്വർണ്ണക്കള്ളക്കടത്ത് നടത്തുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. ആയിരക്കണക്കിന് കോടി രൂപ സ്വർണ്ണത്തിന്മേൽ നികുതി കിട്ടാതെ ഈയിനത്തിൽനിന്നും കിട്ടേണ്ട നികുതി വരുമാനം ഗണ്യമായി കുറഞ്ഞിരിക്കുയാണ്. 3 ശതമാനം ടാക്സ് ആക്കിയിട്ടുപോലും സ്വർണ്ണത്തിൽനിന്ന് നികുതി കിട്ടുന്നില്ല. പതിനായിരം കോടി രൂപയുടെ നികുതിയെങ്കിലും ഒരു വർഷം സ്വർണ്ണത്തിൽനിന്നുമാത്രം കിട്ടേണ്ട കേരളത്തിൽ എണ്ണൂറും അറുന്നൂറും കോടി രൂപയായി സ്വർണ്ണത്തിന്റെ നികുതി കുറഞ്ഞിരിക്കുകയാണ്. സ്വർണ്ണമുൾപ്പെടെയുള്ള കാര്യത്തിൽ വ്യാപകമായി നടക്കുന്ന നികുതി വെട്ടിപ്പ് സംസ്ഥാനത്തിന് വലിയ വരുമാനനഷ്ടം വരുത്തിവച്ചിരിക്കുകയാണ്. അതുകൊണ്ട് ജി.എസ്.ടി.-യുടെ തുടക്കത്തിലുണ്ടായിരുന്ന അലംഭാവം മാറ്റി ഈ നികുതി വെട്ടിപ്പ് തടയുന്നതിനുവേണ്ടിയുള്ള ഗൗരവകരമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയാണ്. ജി.എസ്.ടി. കൗൺസിലിൽ വന്ന പൊതുസങ്കൽപ്പത്തിലല്ല പൊതുവിൽ ഇപ്പോൾ കാര്യങ്ങൾ വന്നതെന്നുള്ളതുകൊണ്ടുതന്നെയാണ് സംസ്ഥാനങ്ങളാകെ വല്ലാത്ത പ്രതിഷേധം ആ കാര്യത്തിൽ ഉന്നയിച്ചിട്ടുള്ളത്. നമ്മളും ഉദ്യോഗസ്ഥ തലത്തിൽ ഇക്കാര്യം പറഞ്ഞിട്ടുണ്ട്, വീണ്ടും ആ ഡീറ്റെയിൽസ് ഫോളോ ചെയ്യാം, മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെടുകയും ചെയ്യാം. എല്ലാ സംസ്ഥാനങ്ങളും പറഞ്ഞ പൊതുതാൽപര്യംതന്നെയാണത്. രണ്ടാമത്തെ കാര്യം, നമ്മുടെ സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ ഭാഗമായി ലഭിക്കേണ്ട വരുമാനം വേണ്ടത്ര ലഭിച്ചില്ലെന്നുള്ളതിൽ കുറച്ച് സത്യമുണ്ട്. നമ്മുടെ സംസ്ഥാനത്ത് മാത്രമല്ല ജി.എസ്.ടി. നടപ്പിലാക്കിക്കഴിഞ്ഞാൽ കിട്ടുമെന്ന് പ്രതീക്ഷിച്ച ബെനിഫിറ്റ് സംസ്ഥാനങ്ങൾക്ക് കിട്ടുന്നില്ല. കേരളത്തിന്റെ മാത്രമല്ല എല്ലാ സംസ്ഥാനങ്ങളുടെയും പ്രശ്നമാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതുകൊണ്ടാണ് കൂടുതൽ കിട്ടുമെന്ന് പ്രതീക്ഷിച്ചത്. അവിടെനിന്നും ഇങ്ങോട്ട് അയയ്ക്കുന്ന സാധനങ്ങൾ..... ഡൽഹിയിൽനിന്നും ടാക്സ് കളക്ട് ചെയ്ത് കേരളത്തിൽ വരുമ്പോൾ ഇവിടെ

വിൽക്കുന്ന സാധനത്തിന്റെ ടാക്സ് അവിടെ കളക്ട് ചെയ്ത് ഇങ്ങോട്ട് അയച്ചുതരണം. ഇതിന് ഇന്റർനെറ്റ് സിസ്റ്റമാണ് ഉപയോഗിക്കുന്നത്. എന്നാൽ സോഫ്റ്റ്‌വെയർവഴി പലപ്പോഴും കൃത്യമായ കണക്കുകൾ വരുന്നില്ല. ഉദാഹരണത്തിന്, അടയ്ക്ക അയയ്ക്കുന്ന കാര്യത്തിൽ, യഥാർത്ഥത്തിൽ അടയ്ക്ക അയയ്ക്കാതെ കള്ളരേഖ കാണിച്ച് നൂറും ഇരുന്നൂറ് കോടി രൂപയുടെ അടയ്ക്കയും പ്ലൈവുഡും അയച്ചുവെന്ന് പറഞ്ഞ്, അതിന്റെ പേരിൽ ഇവിടെനിന്നും പോകുന്ന രേഖ ഉപയോഗിച്ച് വ്യാജമായി ടാക്സ് അങ്ങോട്ട് കളക്ട് ചെയ്യും. ഇവിടെ കള്ള രേഖ കാണിക്കും. ഇത്തരം ചില കാര്യങ്ങൾ സാങ്കേതികമായി നടക്കുന്നുണ്ട്. അതുകൊണ്ടാണ് ചില കാര്യങ്ങളിൽ അറസ്റ്റ് വന്നത്. മറ്റൊന്ന്, ബിൽ ട്രേഡിംഗിലും സർക്കുലർ ട്രേഡിംഗിലും നമ്മൾ വിചാരിക്കുന്നതിനപ്പുറമുള്ള ട്രേഡിംഗ് പരിപാടികളുണ്ട്. ഇതുകൂടാതെ, ബില്ലുകൾ കൊടുക്കുന്നില്ല, അല്ലെങ്കിൽ ബില്ലിന് കളക്ട് ചെയ്യുന്ന പണം അടയ്ക്കുന്നിലെന്ന വിഷയവും വരുന്നുണ്ട്. ഇവിടെ സ്വർണ്ണത്തിന്റെ കാര്യം പറഞ്ഞു. ആറ് ലക്ഷം കോടി രൂപയുടെ സ്വർണ്ണമാണ് ഔദ്യോഗികമായി ഇന്ത്യയിൽ ഒരു വർഷം ഇറക്കുമതി ചെയ്യുന്നത്. കഴിഞ്ഞ വർഷം കുറവായതുകൊണ്ടാണ് ആറ് ലക്ഷം കോടി രൂപയായത്.

കേരളത്തിനകത്തേയ്ക്ക് ഏകദേശം ഒന്നര ലക്ഷം കോടി രൂപയുടെ സ്വർണ്ണമെങ്കിലും വരുമെന്നാണ് സ്വർണ്ണവ്യാപാരികളുടെ സംഘടനതന്നെ പറയുന്നത്. അതിനകത്ത് ബൾക്കായിട്ടുള്ള കച്ചവടവും പിന്നെ പഴയ സ്വർണ്ണവുമുണ്ടാകും. ഈ കാര്യത്തിൽ കളക്ട് ചെയ്യുന്ന തുക പൂർണ്ണമായി അക്കൗണ്ടിലേയ്ക്ക് വരുന്നില്ല. എല്ലാവരും അങ്ങനെയാണെന്ന് ഞാൻ പറയുന്നില്ല. കഴിഞ്ഞ വർഷം ഒരു ലക്ഷം കോടി രൂപയിൽ താഴെയുള്ള സ്വർണ്ണത്തിന്റെ വ്യാപാരമാണ് രേഖയിൽ വന്നത്. അതിനുമുമ്പ് ഒരു ലക്ഷത്തി പന്ത്രണ്ടായിരമുണ്ടായിരുന്നു. എന്തായാലും വരേണ്ട തുക രേഖയിൽ വരുന്നില്ല. ഇൻപുട്ട് ടാക്സ് എടുക്കുന്നതിനകത്തുള്ള പോരായ്മയുമുണ്ട്. ഇത്തരം കാര്യങ്ങളുള്ളതുകൊണ്ട് കേരളത്തിന്റെ ശക്തമായ ആവശ്യം അനുസരിച്ച് കേരളത്തിനകത്തുള്ള ട്രേഡിന് ഇൻവോയ്സ് വേണമെന്നുള്ള കാര്യം ഇപ്പോൾ അംഗീകരിച്ചിട്ടുണ്ട്. സ്വർണ്ണവ്യാപാരത്തിൽ മാത്രമല്ല എല്ലാ മേഖലയിലും ഇത്തരം കാര്യങ്ങളുണ്ട്. നേരത്തെയുള്ളതുപോലെ വാഹനം പരിശോധിക്കൽ മാത്രമല്ല; ഇന്റലിജൻസ്, ഓഡിറ്റിംഗ് തുടങ്ങിയ ഏറ്റവും ആധുനികമായ രീതികളിൽ ഈ കാര്യം പരിശോധിക്കാനുള്ള സംവിധാനമാണ് ആലോചിക്കുന്നത്.

അതിന് അതിന്റേതായ ഗുണമുണ്ടാകും. കളക്ടീവായി ആളുകൾ ബിൽ വാങ്ങാനുള്ള പ്രേരണയും സംയുക്തമായി കേരളത്തിന് മുമ്പിൽ കൊണ്ടുവരണം. അതനുസരിച്ച് മുന്നേറ്റമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ജി. സ്റ്റീഫൻ: സർ, ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നത് നിർത്താൻ കേന്ദ്ര സർക്കാർ തീരുമാനിക്കുമ്പോഴും നഷ്ടപരിഹാരം നൽകുന്നതിനായി കേന്ദ്ര സർക്കാർ ജനങ്ങളിൽനിന്നും നഷ്ടപരിഹാര സെസ് ഈടാക്കുന്നത് നിലവിൽ തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേന്ദ്ര ഗവൺമെന്റ് ഇപ്പോഴും നഷ്ടപരിഹാര സെസ് കളക്ട് ചെയ്യുന്നുണ്ട്. കോവിഡിന്റെ രണ്ട് വർഷം പൊതുവേ വരുമാനം കുറവായിരുന്നതുകൊണ്ട് 2025-2026 വരെ കളക്ട് ചെയ്താൽ മാത്രമെ നേരത്തെ കടമെടുത്ത സംസ്ഥാനങ്ങൾക്ക് നൽകിയ നഷ്ടപരിഹാരം കൊടുത്തുതീർക്കാൻ കഴിയൂയെന്നാണ് കേന്ദ്ര ഗവൺമെന്റ് അതിന് പറയുന്ന ന്യായം. എന്തായാലും നഷ്ടപരിഹാരം ഉൾപ്പെടെ ഉപയോഗിച്ചുകൊണ്ട് വീണ്ടും നഷ്ടപരിഹാരം കുറച്ച് കാലംകൂടെ മുന്നോട്ട് തരണമെന്നാണ് ആവശ്യപ്പെടുന്നത്. ഇപ്പോൾ നഷ്ടപരിഹാര സെസ് കളക്ട് ചെയ്യുന്നുണ്ടെന്നുള്ളത് ശരിയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, " One Nation One Tax" എന്ന പദ്ധതി, ജി.എസ്.ടി. വന്നതിനുശേഷം കേരളത്തിനുണ്ടായിരുന്ന പ്രതീക്ഷ വേണ്ടത്ര രീതിയിൽ പൂർണ്ണമായി നേടിയെടുക്കാൻ സാധിച്ചിട്ടില്ല. അതിന് പല കാരണങ്ങളുമുണ്ടാകും. ഇന്നലെ പ്രഖ്യാപിച്ച 5 ശതമാനം ഡ്യൂട്ടി സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. ശക്തമായിത്തന്നെ അതിനെ പ്രതിരോധിക്കേണ്ടതുണ്ട്. ഇവിടെ ജി.എസ്.ടി. നഷ്ടപരിഹാരം ഈ വർഷംകൂടി മാത്രമേ നൽകുകയുള്ളൂവെന്നാണ് പറഞ്ഞത്. ജി.എസ്.ടി. കൗൺസിലിൽ ഈ കാര്യം സർക്കാർ ഉന്നയിച്ചപ്പോൾ കേന്ദ്ര ഗവൺമെന്റ് എന്ത് മറുപടിയാണ് പറഞ്ഞതെന്ന് വ്യക്തമാക്കാമോ? ഇൻപുട്ട് ടാക്സ് കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള പ്രയാസം ഓൺലൈൻ റിട്ടേൺസിനെ സംബന്ധിച്ചുള്ള കൃത്യത വരാത്തതാണെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചത്. എന്തുകൊണ്ടാണ് അത് സംഭവിക്കുന്നത്; അത് തിരുത്താനുള്ള നടപടികൾക്കായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നുണ്ടോ? ജി.എസ്.ടി. ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണ്ണമാക്കാൻ എന്ത് നടപടിയാണ് കേന്ദ്ര

ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? കേന്ദ്ര ഗവൺമെന്റിന്റെ സംസ്ഥാനങ്ങൾക്കെതിരായ ഈ നയങ്ങൾക്കെതിരായി എല്ലാ പ്രതിപക്ഷ സംസ്ഥാനങ്ങളെയും ഒരുമിച്ച് കൊണ്ടുപോകുന്ന കാര്യത്തിൽ കേരളം മുൻകയ്യെടുക്കുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവ് അഞ്ച് ചോദ്യങ്ങൾ ചോദിച്ചു. അതിന് മറുപടി പറയാൻ എനിക്ക് സന്തോഷമേയുള്ളൂ. കാരണം, ഇത് കേരളത്തിന്റെ പൊതുവായ താൽപര്യമാണ്. അദ്ദേഹം അവസാനം ചോദിച്ച ചോദ്യത്തിന് ഞാൻ ആദ്യം മറുപടി പറയാം. പ്രതിപക്ഷസംസ്ഥാനങ്ങളെ ഈ കാര്യത്തിൽ ഒരുമിച്ചുകൊണ്ടുപോകാനുള്ള ശ്രമം നേരത്തെയും സംയുക്തമായി നടത്തിയിട്ടുണ്ട്. ഇപ്പോഴും ആ ശ്രമംതന്നെ നടത്താം. പുറത്ത് പറഞ്ഞില്ലെങ്കിലും വാസ്തവത്തിൽ എല്ലാ സംസ്ഥാനങ്ങളും ഈ പരാതിതന്നെയാണ് പറയുന്നത്. പക്ഷെ, രാഷ്ട്രീയമായി അവർക്കത് പറയാനുള്ള ബുദ്ധിമുട്ടുണ്ട്. ഇവിടെ കോൺഗ്രസ് ഗവൺമെന്റുകളുള്ളതുകൊണ്ട് അവരുടെ സഹായത്തോടെ വളരെ ശക്തവും സംയുക്തവുമായി എല്ലാ സംസ്ഥാനങ്ങളെയും പ്രത്യേകിച്ച് പ്രതിപക്ഷസംസ്ഥാനങ്ങളെ യോജിപ്പിച്ച്

മുന്നോട്ടുകൊണ്ടുപോകാനുള്ള കാര്യങ്ങൾ ചെയ്യാമെന്നുള്ളതാണ് ആദ്യമായി പറയാനുള്ളത്. രണ്ടാമത്തെ കാര്യം, നഷ്ടപരിഹാരം സംബന്ധിച്ച് എല്ലാവരും ആവശ്യപ്പെട്ടു. അതിൽ രണ്ട് തരത്തിലാണ് ആവശ്യം വന്നത്. പണത്തിനാവശ്യമുള്ളതുകൊണ്ട് അഞ്ച് വർഷം നീട്ടണമെന്ന് ശക്തമായാണ് പ്രതിപക്ഷ സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടത്. ഭരണകക്ഷിയായതുകൊണ്ട് കേന്ദ്രം ഉചിതമായ തീരുമാനമെടുക്കണമെന്നും പറഞ്ഞു. എന്നാൽ, കൃത്യമായ തീരുമാനം പറയാതെയാണ് ആ സഭ പിരിഞ്ഞത്. എന്ത് ചെയ്യും, എത്രത്തോളം വരും; ജി.എസ്.ടി. കൗൺസിലിനകത്ത് നിർണ്ണായകമായ ഒരു മറുപടിയും മന്ത്രിയുടെയോ യൂണിയൻ ഫിനാൻസ് മിനിസ്റ്ററുടെയോ ഭാഗത്തുനിന്നും വന്നില്ല. എന്തായാലും കേന്ദ്ര ഗവൺമെന്റ്കൂടെ ആലോചിച്ചിട്ടായിരിക്കും അക്കാര്യം ചെയ്യുന്നതെന്നാണ് പ്രതീക്ഷിക്കുന്നത്. മിക്കവാറും ആഗസ്റ്റ് ഒന്നിനുതന്നെ അടുത്ത ജി.എസ്.ടി. കൗൺസിൽ യോഗം മധുരയിൽ വച്ച് ചേരുമെന്ന് പറഞ്ഞിട്ടുണ്ട്. സ്ഥലം തീരുമാനിച്ചുകഴിഞ്ഞതാണ്. അതിൽ ഇക്കാര്യങ്ങൾ ചർച്ചാവിഷയമായി വരുമെന്ന് പ്രതീക്ഷിക്കുന്നു. വന്നില്ലെങ്കിൽ അതനുസരിച്ച് കാര്യങ്ങൾ ആലോചിക്കേണ്ടിവരും. നേരത്തെ ഞാൻ പറഞ്ഞ കാര്യങ്ങളൊന്നും എടുത്ത്

പറയുന്നില്ല. ഈ കാര്യത്തിനെ സിസ്റ്റമാറ്റിക്കാക്കാനായി കമ്പ്യൂട്ടറൈസേഷനിലും Gst in backend-ലും നിരവധി പോരായ്മകളുണ്ട്. അത് പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ കച്ചവടക്കാരിൽനിന്നും കസ്റ്റമറിലേയ്ക്ക് പോകുന്നതുവരെ ഈ സിസ്റ്റത്തിൽ വന്നാൽ മാത്രമേ കൃത്യമായ കണക്കുവരികയുള്ളൂ. ഭാവിയിൽ എന്തായാലും അത് നടപ്പിൽവരും. ഇപ്പോൾ അങ്ങനെയൊരു കണക്കില്ല. കച്ചവടക്കാർ തമ്മിലുള്ള കണക്കുണ്ട്. കച്ചവടക്കാരിൽനിന്ന് കസ്റ്റമറിലേയ്ക്ക് പോകുന്ന ബിൽകൂടി പരിഗണനയിലേയ്ക്ക് വന്നാൽ അത് നടക്കും. കഴിഞ്ഞ ദിവസം തിരുവനന്തപുരം എയർപോർട്ടിലെ ഒരു കച്ചവടക്കാരനെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞത്, "ഞങ്ങൾ എയർപോർട്ട് മാനേജ്മെന്റിന്റെ സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നത്, ഞങ്ങൾ നടത്തുന്ന കച്ചവടമൊക്കെ അതിൽ കയറുന്നു, അതിന്റെ 18 ശതമാനം കമ്പനിക്ക് പോകും" എന്നാണ്. ഇത്തരം കാര്യങ്ങൾ കച്ചവടത്തിൽ പലയിടത്തും നടക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ മഹാഭൂരിപക്ഷം വരുന്ന കച്ചവടത്തിന്റെ വരുമാനവും കണക്കിൽ വരുന്നില്ല, ഭാവിയിൽ അത്തരം കാര്യങ്ങൾകൂടെ വരേണ്ടിവരും. ഇപ്പോൾ

സിസ്റ്റത്തിലുള്ള നിരവധി പോരായ്മകൾ പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)